# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P10/895/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 30/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, കൊല്ലം
3.കാര്യാലയ പകർപ്പ്

നമ്പർ: KSA/KLM/P10/895/22 തീയ്യതി: 30/07/2022

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-10-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാത്യുറോയി.കെ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത്ത് കുമാർ ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.പത്മകുമാരി എൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അനിൽകുമാർ എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഹർഷ. എൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബി.അരുണാമണി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ. അൻസാർ ഷാഫി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. കെ.അനിൽകുമാർ | സെക്രട്ടറി | 01-04-2020 | 07-02-2021 |
| ശ്രീ. രഞ്ജിത്ത്. ആർ.എസ് | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പുഷ്പ ജോസഫ് | കൃഷി അസി.ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സീന ജറോം | അസി. എക്സി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ. ഹരിദാസ്.ജി | എസ്.സി.ഡി.ഒ | 01-04-2020 | 31-05-2020 |
| ശ്രീ. സുനിൽ കുമാർ | എസ്.സി.ഡി.ഒ | 01-06-2020 | 30-06-2020 |
| ശ്രീ. ബേബി തോമസ് | എസ്.സി.ഡി.ഒ | 01-07-2020 | 31-01-2021 |
| ശ്രീ. പി.ഉണ്ണികൃഷ്ണപിള്ള | എസ്.സി.ഡി.ഒ | 01-02-2021 | 31-03-2021 |
| ഡോ.ഷഹാന.കെ.മുഹമ്മദ്.എൻ | സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | 01-04-2020 | 31-03-2021 |
| ഡോ.എം.കെ.വിമല | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,ശൂരനാട് | 01-04-2020 | 31-03-2021 |
| ഡോ. എസ്.ജി.ബൈജു | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മൈനാഗപ്പള്ളി | 01-04-2020 | 31-03-2021 |
| ഡോ.ഷീബ.പി.ബേബി | അസി.പ്രോജക്റ്റ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഓമനകുട്ടൻ.കെ | ക്ഷീരവികസന ഓഫീസർ | 01-04-2020 | 23-06-2020 |
| ശ്രീമതി. മഞ്ജു.ഒ.ബി | ക്ഷീരവികസന ഓഫീസർ | 24-06-2020 | 15-01-2021 |
| ശ്രീമതി. ഷീബ.ആർ | ക്ഷീരവികസന ഓഫീസർ | 16-01-2021 | 18-01-2021 |
| ശ്രീ. ഷിബു.കെ | ക്ഷീരവികസന ഓഫീസർ | 19-01-2021 | 25-02-2021 |
| ശ്രീമതി. അനുപമ സുഗതൻ | ക്ഷീരവികസന ഓഫീസർ | 26-02-2021 | 31-03-2021 |
| ശ്രീമതി.ഗംഗാഭായി.കെ.വി | സി.ഡി.പി.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഉഷാകുമാരി.ആർ | സി.ഡി.പി.ഒ,അഡീഷണൽ | 01-04-2020 | 31-03-2021 |
| ശ്രീ. അൻസർ.പി.എ | ഐ.ഡി.ഒ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ദീപ ഡി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീമതി ഹണി എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Harsha L (Auditor, On 10-03-2022)<br>Last Updated By: Harsha L (Auditor, On 10-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 25-07-2022) | 1-2 |
| 3 | വാർഷികകണക്ക് പരിശോധന<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 25-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Harsha L (Auditor, On 10-03-2022)<br>Last Updated By: Santhosh N (Computer Assistant, On 25-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith Kumar G (Audit Officer (HG), On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 25-07-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Harsha L (Auditor, On 11-03-2022)<br>Last Updated By: Ranjith Kumar G (Audit Officer (HG), On 22-07-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Harsha L (Auditor, On 11-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 11-03-2022)<br>Last Updated By: Santhosh N (Computer Assistant, On 25-07-2022) | 1-9 |
| 11 | കരാർ തീയതി മുതലുള്ള വാടക ഈടാക്കിയില്ല<br>Written By: Harsha L (Auditor, On 13-03-2022)<br>Last Updated By: Ranjith Kumar G (Audit Officer (HG), On 22-07-2022) | 1-10 |
| 12 | വാടക ഈടാക്കിയിട്ടില്ല<br>Written By: Harsha L (Auditor, On 13-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-10-1 |
| 13 | സാംസ്കാരിക നിലയങ്ങളിൽ ടെലിവിഷൻ സ്ഥാപിച്ചത് പ്രോജക്ട് ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല,<br>Written By: Anilkumar S (Senior Grade Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-11 |
| 14 | ചെലവിനാധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Harsha L (Auditor, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-12 |
| 15 | സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചു<br>Written By: Anilkumar S (Senior Grade Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-13 |
| 16 | സി.എഫ്.എൽ.റ്റി.സി. സെന്ററിനു വേണ്ടി വാങ്ങിയ വാഷിംഗ് മെഷീൻ ആർക്ക് നൽകിയെന്നറിയില്ല | 1-14 |

| | | |
|---|---|---|
| | Written By: Anilkumar S (Senior Grade Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | |
| 17 | ദിവസ വാടക വ്യവസ്ഥയിൽ വാഹനം ഉപയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Anilkumar S (Senior Grade Auditor, On 12-03-2022)<br>Last Updated By: Padmakumari L (Asst. Audit Officer, On 29-07-2022) | 1-15 |
| 18 | ഹൈമാസ്റ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കൽ-രേഖകൾ ഇല്ല<br>Written By: Anilkumar S (Senior Grade Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-16 |
| 19 | പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം- തൊഴിൽ വിസ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Anilkumar S (Senior Grade Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-17 |
| 20 | പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Anilkumar S (Senior Grade Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-18 |
| 21 | മരുന്നുകൾ സ്റ്റോക്കിലെടുത്തില്ല,ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Ranjith Kumar G (Audit Officer (HG), On 05-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-19 |
| 22 | മരുന്നുകൾ ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു-<br>Written By: Ranjith Kumar G (Audit Officer (HG), On 05-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-20 |
| 23 | കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മരുന്ന്, സുരക്ഷ ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.<br>Written By: Anilkumar S (Senior Grade Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-21 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറി - പദ്ധതി പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടില്ല.<br>Written By: Anilkumar S (Senior Grade Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-22 |
| 25 | ക്ഷീരസംഗമം നടത്തിയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Anilkumar S (Senior Grade Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-23 |
| 26 | കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ -ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്തതിന്റെയോ ഒടുക്കുവരുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയില്ല..<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-24 |
| 27 | സുഭിക്ഷകേരളം കാർഷിക ആയുർവ്വേദ നഴ്സറി സ്ഥാപിക്കൽ -നടപ്പായില്ല<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-25 |
| 28 | പാലിയേറ്റീവ് പരിചരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-അംഗീകരിച്ച അടങ്കൽ തുകയിലും അധികമായി ചെലവഴിച്ചു.<br>Written By: Padmakumari L (Asst. Audit Officer, On 29-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-26 |
| 29 | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ മേശയും കസേരയും വാങ്ങൽ.<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-27 |

| | | |
|---|---|---|
| 30 | വികസനപദ്ധതികളുടെ ഡോക്യുമെന്ററി തയ്യാറാക്കൽ<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-28 |
| 31 | കൊച്ചുപിലാംമൂട് കുടിവെള്ള പദ്ധതി<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-29 |
| 32 | മാലിന്യസംസ്കരണ സന്ദേശ ബോർഡ്, സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-30 |
| 33 | 2020 മാർച്ചിലെ പരീക്ഷയ്ക്ക് എല്ലാവിഷയങ്ങൾക്കും എ പ്ലസ്സ് കിട്ടിയ വിദ്യാർത്ഥികളെ ആദരിക്കൽ --സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി.<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-31 |
| 34 | തുല്യതാപരീക്ഷകൾക്ക് വിഹിതം നല്കൽ-രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-32 |
| 35 | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ, നിക്ഷേപ പ്രവർത്തികൾ എന്നിവയുടെ ചെലവിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-33 |
| 36 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-34 |
| 37 | ബ്ലോക്ക് പഞ്ചായത്തോഫീസ്, ശൂരനാട് സി.എച്ച്.സി. എന്നിവയിൽ സോളാർ പാനൽ സ്ഥാപിക്കൽ<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-35 |
| 38 | ശൂരനാട് പി.എച്ച്.സി. ക്ക് സോളാർ പാനൽ സ്ഥാപിക്കൽ<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സാംസ്കാരിക നിലയങ്ങളിൽ ടെലിവിഷൻ സ്ഥാപിച്ചത് പ്രോജക്റ്റ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: Anilkumar S (Senior Grade Auditor, On 21-06-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-1 |
| 2 | സുഭിക്ഷകേരളം കാർഷിക ആയുർവ്വേദ നഴ്സറി സ്ഥാപിക്കൽ -നടപ്പായില്ല<br>Written By: Padmakumari L (Asst. Audit Officer, On 23-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-2 |
| 3 | പാലിയേറ്റീവ് പരിചരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- അംഗീകരിച്ച അടങ്കൽ തുകയിലും അധികമായി ചെലവഴിച്ചു.<br>Written By: Padmakumari L (Asst. Audit Officer, On 23-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-3 |
| 4 | വികസനപദ്ധതികളുടെ ഡോക്യുമെന്ററി തയ്യാറാക്കൽ<br>Written By: Padmakumari L (Asst. Audit Officer, On 23-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-4 |
| 5 | 2020 മാർച്ചിലെ പരീക്ഷയ്ക്ക് എല്ലാവിഷയങ്ങൾക്കും എ പ്ലസ്സ് കിട്ടിയ | 3-5 |

| | | |
|---|---|---|
| | വിദ്യാർത്ഥികളെ ആദരിക്കൽ - സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി.<br>Written By: Padmakumari L (Asst. Audit Officer, On 23-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | |
| 6 | ശൂരനാട് പി.എച്ച്.സി ക്ക് സോളാർ പാനൽ സ്ഥാപിക്കൽ<br>Written By: Padmakumari L (Asst. Audit Officer, On 23-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-6 |
| 7 | പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം- തൊഴിൽ വിസ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 23-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-7 |
| 8 | പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 23-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-8 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Harsha L (Auditor, On 12-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Harsha L (Auditor, On 12-03-2022) | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ്<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Harsha L (Auditor, On 12-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Harsha L (Auditor, On 12-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Harsha L (Auditor, On 12-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 4-10 |
| 11 | തീർപ്പാക്കവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Harsha L (Auditor, On 12-03-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധ പത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

12.03.20 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 23.7.21 | | |

### 1-2-1 വാർഷികകണക്ക് പരിശോധന

1. മുൻവർഷം ട്രഷറി അക്കൗണ്ടിലേക്ക് വരവ് വന്ന 1,16,807/-രൂപ നിലവിലും ക്രെഡിറ്റ് ആകാത്തതിനാൽ ട്രഷറി അക്കൗണ്ടിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

2. എെ.എ.വൈ. വരവ്, ചെലവ് എന്നിവ ക്യഷ് ബുക്ക് പ്രകാരം യഥാക്രമം 8,05,282/-രൂപയും 25,79,121/-രൂപയും ആണ്. എന്നാൽ വാർഷികപത്രികയിലെ വരവ് ചെലവുകൾ 4,95,282/-രൂപയും 22,69,121/-രൂപയും ആണ്. വരവ് ചെലവ് തുകകളിൽ വലിയ അന്തരം വന്നതിന്റെ കാരണം ബോധ്യപ്പെടുത്താൻ സാധിച്ചിട്ടില്ല.

3. ടി.എസ്.സി. വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ക്യഷ് ബുക്ക്, വാർഷിക ധനകാര്യപത്രിക എന്നിവ പ്രകാരം ഉള്ളതുകകൾ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ക്യഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് | 18,77,694/-രൂപ |
| വരവ് | 25,62,864/-രൂപ |
| ആകെ | 44,40,558/-രൂപ |
| ചെലവ് | 23,20,857/-രൂപ |
| നീക്കിയിരിപ്പ് | 21,19,701/-രൂപ |

| | |
|---|---|
| വാർഷിക പത്രിക പ്രകാരം മുന്നിരിപ്പ് | 18,77,694/-രൂപ |
| വരവ് | 45,333/-രൂപ |
| ആകെ | 19,23,027/-രൂപ |
| ചെലവ് | 0 |
| നീക്കിയിരിപ്പ് | 19,23,027/-രൂപ |

4. ബാലൻസ് ഷീറ്റിലെ ബി.3 ഷെഡ്യൂളും ബി.11 ഷെഡ്യൂളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. ബി.11 ഷെഡ്യൂളിൽ അക്യൂമലേറ്റഡ് ഡിപ്രീസിയേഷൻ ഇനത്തിൽ വാട്ടർ വെയ്സ് എന്ന ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനായി ആസ്തി ഉൾപ്പെടുത്തിയിട്ടില്ല.

6. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി പരിപാലിക്കുകയോ വാല്യൂ ബെയ്സ്ഡ് ആക്കിയിട്ടോ ഇല്ലാത്തതിനാൽ ക്ലോസിംഗ് സ്റ്റോക്ക് മൂല്യം പരിശോധിച്ചിട്ടില്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തിമൂല്യം, ഡിപ്രിസിയേഷൻ എന്നിവയുടെ കൃത്യത പരിശോധിച്ചിട്ടില്ല.

8.

1). പ്രോജക്ട് നം. 10/21 –പാലിയേറ്റീവ് പരിചരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.

മേൽ പദ്ധതിയ്ക്ക് 3,00,000/-രൂപ അടങ്കൽ തുകയിലാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. എന്നാൽ മേൽ പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത് 4,61,000/-രൂപയാണ്.

2). പ്രോജക്ട് നം. 13/21 – ലൈഫ് മിഷൻ (ജനറൽ) - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.

60,51,200/-രൂപ (വികസനഫണ്ട്) അടങ്കലിലുള്ള മേൽ പദ്ധതിയിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 58,37,060/-രൂപയാണ്. എന്നാൽ ACR പ്രകാരം ചെലവ് 60,37,060/-രൂപയാണ്.

3. പ്രോജക്ട് നം. 16/21 – ലൈഫ് മിഷൻ എസ്.സി.പി.- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.

1,14,85,280/-രൂപ അടങ്കലിലുള്ള മേൽ പദ്ധതിയിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 1,05,12,000/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ACR പ്രകാരം മേൽ പദ്ധതിയ്ക്ക് 1,07,12,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

9. തനത്ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ പദ്ധതികളൊന്നും തന്നെ സുലേഖസ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

10. വികസന ഫണ്ട് (ജനറൽ) ACR പ്രകാരം ലഭിച്ച തുക 3,86,75,027/-രൂപയും ACR പ്രകാരം തൻവർഷ ചെലവ് 3,86,75,027/-രൂപയും ആണ് (സീറോ ബാലൻസ്). എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 3,81,52,913/-രൂപയാണ്. ചെലവിൽ 5,22,114/-രൂപയുടെ വ്യത്യാസം വന്നതിന്റെ കാരണം ബോധ്യപ്പെടുത്തിയില്ല.

11. വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിസ്റ്റ് ചെയ്ത 8,90,000/-രൂപയുടെ ചെലവ് വാർഷിക ധനകാര്യപത്രികയിൽ ഡെപ്പോസിറ്റ് ആന്റ് അഡ്വാൻസ് ഹെഡ്ഡിൽ ഉൽപ്പട്ടുത്തിയിട്ടില്ല

12. വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 27,12,000/-രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കു വരുത്തിയതായാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,35,65,573/- രൂപ |
| വരവ് | 10,17,81,459/- രൂപ |
| ആകെ | 12,53,47,032/- രൂപ |
| ചെലവ് | 10,63,93,899/- രൂപ |
| നീക്കിയിരിപ്പ് | 1,89,53,133/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 13,62,464/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,27,12,739.56 രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,86,75,027/- | 3,86,75,027/- | 3,81,52,913/- | 5,22,114/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2,82,65,000/- | 2,82,65,000/- | 2,82,65,000/- | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3,79,000/- | 3,79,000/- | 3,06,677/- | 72,323/- |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 68,13,000/- | 68,13,000/- | 68,13,000/- | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 72,60,000/- | 72,60,000/- | 36,39,850/- | 36,20,150/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ് | 0 | 72,60,000/- | 72,60,000/- | 67,84,620/- | 4,75,380/- |
| എം.എൽ.എ-എസ്സ്.ഡി.എഫ്. | 8,39,683/- | 49,76,674/- | 58,16,357/- | 50,27,785/- | 7,88,572/- |
| റ്റി.എസ്സ്.സി. | 18,77,694/- | 45,333/- | 19,23,027/- | 0 | 19,23,027/- |
| ഐ.എ.വൈ | 1,63,99,017/- | 4,95,282/- | 1,68,94,299/- | 22,69,121/- | 1,46,25,178/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 1,98,49,053/- | 101 | 1,25,05,129/- | 16 | 20 | 74 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.2.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസില്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ച് വരവുകൾ സ്വീകരിക്കുന്നതിന് പകരം കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിച്ചുവരുന്നത്. ഈ വിവരങ്ങൾ കൃത്യമായി സാംഖ്യായിലേക്ക് ഇന്ററപ്റ്റഡ് രസീത് വഴി കാലികമാക്കുന്നില്ല. കമ്പ്യൂട്ടർ രസീതുകൾ, കൈകൊണ്ടെഴുതുന്ന രസീതുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീതുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതുചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് നീക്കിയിരിപ്പ് ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് മാറ്റേണ്ടതുണ്ട്. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. പഞ്ചായത്തിന്റെ ആസ്തികൾ നഷ്ടമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

ബ്ളോക്ക് പഞ്ചായത്തിലെ ചെലവിനാധാരമായ എല്ലാ വൗച്ചറുകളും എഴുതി സൂക്ഷിക്കുന്നില്ല.

തനത് ഫണ്ട് പ്രോജക്ട് തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പദ്ധതി പ്രകാരമുള്ള തനത് ഫണ്ട് തുകകളുടെ ചെലവുകൾ കണക്കാക്കുവാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ചെലവ് വൗച്ചറുകൾ സൂക്ഷിക്കാത്തതും, തനതുഫണ്ട് പ്രോജക്ട് ചെലവുകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ അപ്ഡേറ്റ് ചെയ്യാത്തതും ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.അക്കൗണ്ട്സ് വിഭാഗം, ബന്ധപ്പെട്ട സെക്രട്ടറി എന്നിവരുടെ മേൽനോട്ട വീഴ്ചയാണ് ഇതു പ്രതിഫലിപ്പിക്കുന്നത്. ടി വിവരം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണം കര്യക്ഷമമായി നടപ്പിൽ വരുത്തുന്നില്ല. പദ്ധതി പണം കാര്യക്ഷമമായും ജനോപകാരപ്രദമായും വിനിയോഗിക്കാൻ ഭരണസമിതിയുടെ സൂക്ഷ്മ ശ്രദ്ധയും ജാഗ്രതയും ഉണ്ടാകേണ്ടതാണ്.

### 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.02.22 | 2020-21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.6.2016 | 2012-13 To 2015-16 | 23.12.2016 |

### 1-10 കരാർ തീയതി മുതലുള്ള വാടക ഈടാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ ജൈവ കാർഷിക വിപണന കേന്ദ്രത്തിന്റെ ഒരു ഭാഗത്ത് കാന്റീൻ പ്രവർത്തിപ്പിക്കാൻ അദ്വൈത് ടീഷോപ്പ് & കാറ്ററിംഗ് സർവീസ്, മുതുപിലാക്കാട് കിഴക്ക് എന്ന കുടുംബശ്രീ സംരംഭകരുമായി 20.10.2020 തീയതിയിയിൽ പഞ്ചായത്ത് കരാർ വെച്ചിട്ടുണ്ട്. ഒരു മാസം 650/- രൂപ നിരക്കിൽ 2021 ജനുവരി മാസം മുതൽ വാടക ഈടാക്കി വരുന്നു. കരാർ ഉറപ്പിച്ച തീയതി മുതൽ ഉള്ള വാടക ഈടാക്കാതിരുന്നതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നവംബർ, ഡിസംബർ മാസങ്ങളിലെ വാടക കുടിശ്ശിക ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 01/25.02.22

### 1-10-1 വാടക ഈടാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്കോമ്പൌണ്ടിനുള്ളിൽ തന്നെയുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എൽ.ബി.എസ് സെന്ററിന്റെ 2020 ഏപ്രിൽ മാസം മുതൽ നവംബർ മാസം വരെയുള്ള വാടക ഒടുക്ക് വരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 2020 ഏപ്രിൽ മാസം മുതൽ വാടക ഒടുക്കിയതിന്റെ രേഖകൾ രജിസ്റ്ററിൽ എഴുതി പൂർത്തിയാക്കിയിട്ടില്ല. തനത് ഫണ്ടിലേക്ക് തുക നേരിട്ട് ഒടുക്കു വരുത്തുന്നതിനാൽ ബാങ്ക് പാസ്ബുക്ക് വഴി 2020 ഡിസംബർ മാസം മുതൽ2021 മാർച്ച് മാസം വരെ വാടകതുക ക്രഡിറ്റ് ആയതിന്റെ വിവരങ്ങൾ ലഭ്യമായി. എന്നാൽ 2020-21 സാമ്പത്തിക വർഷം ആദ്യത്തെ 8 മാസത്തെ വാടക തനത് ഫണ്ടിലേക്ക് തുക ക്രെഡിറ്റ് ആയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക പൂർണ്ണമായും ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 01/25.02.22

### 1-11 സാംസ്കാരിക നിലയങ്ങളിൽ ടെലിവിഷൻ സ്ഥാപിച്ചത് പ്രോജക്ട് ഉൾപ്പെടെയുള്ള രേഖകൾ

പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല,

2020-21 വർഷത്തിൽ ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിന്, അതാതു പ്രദേശത്തെ കോളനികളിൽ പ്രവർത്തിക്കുന്ന പട്ടിക ജാതി വികസന വകുപ്പിന്റെ നാല് സാംസ്കാരിക നിലയങ്ങളിൽ സ്ഥാപിച്ച ടെലിവിഷനുകൾക്ക് അധിക വാറണ്ടി ലഭ്യമാക്കുന്നതിന് മാളിയേക്കൽ ഏജൻസിസ്, കൊല്ലം എന്ന സ്ഥാപനത്തിനു 7,000/-(1750*4)രൂപ (ചെക്ക് നം -2924887/12.6.20) നൽകി. എന്നാൽ ഇത്തരത്തിൽ വാറണ്ടി സംബന്ധമായ രേഖകളും പ്രോജക്ട് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. സാംസ്കാരിക നിലയങ്ങളിൽ ടെലിവിഷൻ സ്ഥാപിച്ചതിന്റെ പ്രോജക്ട് ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടപ്പിൽ വരുത്തിയതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, ടെലിവിഷൻ വാങ്ങുന്നതിനോടൊപ്പം ലഭിക്കുന്ന വാറണ്ടി കാർഡിന് നൽകിയ 7000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം.-14/2.3.22

1-12 ചെലവിനാധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിലെ 2020-21 വർഷത്തെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയത്. മറ്റ് അക്കൗണ്ടുകളിൽ നിന്ന് വിവിധ ആവശ്യങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ചെലവുകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. ഹാജരാക്കാത്ത ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) Miscellaneous Account

| ക്രമ നം: | ചെക്ക് നമ്പർ/തീയതി | തുക-(₹) | ഉദ്ദേശ്യം |
|---|---|---|---|
| 1 | 004468/ 04.08.20 | 28,800/- | ISO സർട്ടിഫിക്കേഷൻ സൂചിക ഫലകം സ്ഥാപിച്ചതിനുള്ള ബാലൻസ് തുക അനുവദിച്ചത്. |
| 2 | 004469/ 06.08.20 | 35,690/- | മൂന്ന് MLA പ്രവർത്തികളുടെ EMD തുക നൽകിയത് |
| 3 | 004470/ 12.08.20 | 3,360/- | സൈനിക സ്റ്റാമ്പ്- 2018 വാങ്ങിയത് |
| 4 | 013301/ 21.08.20 | 49,220/- | ശിശുദിന സ്റ്റാമ്പ് 2017-18 തുക അടയ്ക്കുന്നത് സംബന്ധിച്ച് |
| 5 | 013302/ 21.08.20 | 97,035/- | കർഷക ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രങ്ങൾ- ഗുണഭോക്തൃ വിഹിതം തുക അനുവദിച്ചത് [പ്രോജക്റ്റ് നം. 61) |
| 6 | 013303/ 23.09.20 | 41,012/- | MPLADs -പൂർത്തീകരിച്ച പ്രവർത്തികളിൽ നിന്നും GSTഇനത്തിൽ ഈടാക്കിയ തുക അടയ്ക്കുന്നത്. |
| 8 | 013306/ 02.11.20 | 25,000/- | 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട CCTV ക്യാമറ സ്ഥാപിക്കൽ പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഫീസ് ഇലക്ട്രിസിറ്റി |

| | | | |
|---|---|---|---|
| | | | ഓഫീസിൽ അടയ്ക്കുന്നതിന് തുക അനുവദിച്ചത്. |
| 9 | 013307/ 13.11.20 | 25,000/- | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പ്- അഡ്വാൻസ് തുക അനുവദിച്ചത് |
| 10 | 013308/ 17.11.20 | 1,118/- | ബ്ലോക്ക് പഞ്ചായത്ത് 2020 രജിസ്റ്ററുകൾ പ്രിന്റ് ചെയ്തു വാങ്ങുന്നതിനുള്ള തുക ഗ്രാമലക്ഷ്മി മുദ്രാലയത്തിന് അനുവദിച്ച് നല്കിയത് |
| 11 | 013309/ 30.11.20 | 15,000/- | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്-2020, വിവിധ ആവശ്യങ്ങൾക്ക് തുക അനുവദിച്ചത്. |
| 12 | 013310/ 02.12.20 | 35,000/- | തിരഞ്ഞെടുപ്പ് - വിവിധ ആവശ്യങ്ങൾക്ക് ചെലവ് തുക അനുവദിച്ചത്. |
| 13 | 013311/ 04.12.20 | 6,610/- | ജനറേറ്റർ തകരാർ പരിഹരിച്ച ഇനത്തിലുള്ള തുക അനുവദിച്ചത്. |
| 14 | 013312/ 04.12.20 | 18,00,000/- | തിരഞ്ഞെടുപ്പ് - ചെലവ് തുക അനുവദിച്ചത്. |
| 15 | 013313/ 07.12.20 | 4,05,600/- | തിരഞ്ഞെടുപ്പ് -ചെലവ് തുക അനുവദിച്ചത്. |
| 16 | 013314/ 15.12.20 | 50,000/- | തിരഞ്ഞെടുപ്പ് - ചെലവ് തുക അനുവദിച്ചത്. |
| ആകെ: | | 26,18,445/- | |

2) തനത്ഫണ്ട് വൗച്ചറുകൾ

2020-21 വർഷത്തിലെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന വൗച്ചറുകൾ /ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| വൗച്ചർ നം. | വൗച്ചറിന്റെ സ്വഭാവം | തുക(₹) | ചെക്ക് നം |
|---|---|---|---|
| CBNO/51 | മരംമുറിക്കൽ കൂലിചെലവ് | 10,050/- | 2916306/16.7.20 |
| CBNO/52 | അനൗൺസ്മെന്റ് ചാർജ്ജ് | 5,000/- | 2916307/ 16.7.20 |
| CBNO/53 | കോവിഡ്-19 സ്രവപരിശോധനാകേന്ദ്രം-ചെലവ് | 9,898/- | 2916308/ 21.7.20 |
| CBNO/54 | CFLTC-സാധനങ്ങൾ വാങ്ങൽ | 10,000/- | 2916309/23/7/20 |
| CBNO/68 | BRC-പഠനസമഗ്രികൾ വാങ്ങൽ | 4,990/- | 2916322/ 12.8.20 |
| CBNO/73 | UPS-വാങ്ങിയ ചെലവ് | 45,000/- | 2916327/ 19.8.20 |
| CBNO/84 | ക്ഷീര വികസന ഓഫീസ് ശുചീകരിച്ചതിനുള്ള ചെലവ് | 2,232/- | 2916341/ 27.8.20 |
| | ആകെ | 87,170/- | |

മേൽ സൂചിപ്പിച്ച വൗച്ചറുകൾ ഉൾപ്പടെയുള്ള ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ രേഖകളുടെ അഭാവത്തിൽ 27,05,615/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ

ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 09/28.02.22; 20/02.03.22

1-13 സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചു

ക്ഷീരവികസന ഓഫീസിലെ പദ്ധതി സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് 35,090/-രൂപ നൽകി.ഇത്തരത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കണമെങ്കിൽ ജി.ഒ(പി) നം.81/2019 ഫിൻ 9-7-19 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. വേതനം നൽകിയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പേര് | കാലയളവ് | ജോലി സ്വഭാവം | കൈപ്പറ്റിയ തുക (₹) | ചെക്ക്നം /തിയതി |
|---|---|---|---|---|
| ശ്രീമതി. അശ്വതി | 1.1.20 To 21.3.20 | ക്ഷീരവികസനസംഘം മുഖേനേ നടപ്പിലാക്കിയ പദ്ധതികളുടെ ഡാറ്റാ എൻട്രി | 27,690/- (710*39) | 2916326/ 13.8.20 |
| ശ്രീമതി. നീതുജോയി | 5.10.20 To 18.10.20 | പാലിന് സബ്സിഡി- കർഷകരുടെ വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്യുന്നതിന് | 7,400/- (740*10) | 2916395/ 9.11.20 |
| ആകെ | | | 35,090/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സർക്കാരിന്റെ അനുമതിയുടെ അഭാവത്തിൽ ഓഫീസ് സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വേതനം നൽകിയ ഇനത്തിലുള്ള 35,090/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം 35090/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

എൻക്വയറി നം.-16/ 2.3.22

1-14 സി.എഫ്.എൽ.റ്റി.സി. സെന്ററിനു വേണ്ടി വാങ്ങിയ വാഷിംഗ് മെഷീൻ ആർക്ക് നൽകിയെന്നറിയില്ല

2020-21 വർഷത്തിൽ സി.എഫ്.എൽ.റ്റി.സി. സെന്ററിന് വാഷിംഗ് മെഷീൻ വാങ്ങിയയിനത്തിൽ ആനന്ദ് ഇലക്ട്രോണിക്സ്, ശാസ്താംകോട്ടയുടെ 16.7.20-തീയതിയിലെ BR-167/20-21-നമ്പർ ഇൻവോയ്സ് പ്രകാരം 29,790/-രൂപ (ചെക്ക് നം 2916327/13.8.20) നൽകി. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതു സി.എഫ്.എൽ.റ്റി.സി. സെന്ററിലാണ് വാഷിംഗ് മെഷീൻ വാങ്ങി നൽകിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമക്കാത്തതിനാൽ 29,790/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. – 17/2-3-22
തടസ്സപ്പെടുത്തിയ തുക – 29,790/-രൂപ.

1-15 ദിവസ വാടക വ്യവസ്ഥയിൽ വാഹനം ഉപയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

തദ്ദേശ സ്വയംഭരണ തെരഞ്ഞടുപ്പുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം ( KL-61-8548 ) ഇലക്ഷൻ സംബന്ധമായ ആവശ്യങ്ങൾക്ക് 2020 ഡിസംബർ 11, 14, 15, 16 എന്നി തിയതികളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വേളയിൽ, ബ്ലോക്ക് പഞ്ചായത്തിന്റെ മറ്റ് ഔദ്യോഗിക ആവശ്യങ്ങൾക്കായി KL-61-2613-നമ്പർ വാഹനം ടി ദിവസങ്ങളിൽ 2,650/-രൂപ ദിവസ വാടക നിരക്കിൽ ഉപയോഗിച്ചതിന് 10,600/-(2650*4) രൂപ (ചെക്കു നം-2916247/18.1.21) ചെലവഴിച്ചു. വാഹനം ദിവസ വാടക നിരക്കിൽ എടുത്തതിന്റെ ആവശ്യകത, യാത്ര സംബന്ധിച്ച വിശദാംശങ്ങൾ, യാത്രചെയ്ത ഉദ്യോഗസ്ഥൻ എന്നിവയുൾപ്പെടുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല വാടകയ്ക്ക് വാഹനം എടുത്തിതിന്റെ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ രേഖകളുടെ അഭാവത്തിൽ 10,600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം.-19/2.3.22

തടസ്സപ്പെടുത്തിയ തുക – 10,600/-രൂപ

1-16 ഹൈമാസ്റ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കൽ-രേഖകൾ ഇല്ല

ശാസ്താംകോട്ട താലൂക്ക് ഹോസ്പിറ്റലിലെ ഹൈമാസ്റ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ 2019-20വർഷത്തിൽ 44,900/-രൂപയും (ചെക്ക്നം-2924839/19.3.20), 2020-21 വർഷത്തിൽ 44,900/-(ചെക്ക്നം-2916339 /26.8.20) രൂപയും ചേർത്ത് ആകെ 89,800/-രൂപ നൽകി. കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെയല്ലാതെ പ്രവൃത്തി ഏല്പിച്ചു നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാനും, 89,800/-രൂപയുടെ ചെലവിനാധാരമായ രേഖകളും, പൂർത്തീകരണ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ആവശ്യപ്പെട്ട രേഖകളുടെ അഭാവത്തിൽ 2020-21 വർഷത്തിൽ ചെലവഴിച്ച 44,900/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം.-18/2.3.22

തടസ്സപ്പെടുത്തിയ തുക – 44,900/-രൂപ

1-17 പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം- തൊഴിൽ വിസ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പ്രോജക്ട് നം – SO107/21

അടങ്കൽ തുക – 3,00,000/-രൂപ(വികസനഫണ്ട്-എസ്.സി.പി)

ചെലവ് – 3,00,000/-രൂപ

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4- പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം നൽകണമെങ്കിൽ തൊഴിൽ വിസയും, വിമാനടിക്കറ്റും ഹാജരാക്കേണ്ടതാണ്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല. എസ്.സി.ഡി.ഒ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ അപാകതകൾ താഴെപ്പറയും

പ്രകാരമാണ്.

| ഗുണഭോക്താവിന്റെ പേര് വിവരം | നൽകിയ തുക (₹), ബിൽ നം തിയതി | റിമാർക്സ് |
|---|---|---|
| പൊന്നമ്മ ജി, തെങ്ങുംതുണ്ടിൽ-പടിഞ്ഞാറ്റതിൽ മനക്കര, ശാസ്താംകോട്ട | Rs.1,00,000/- (5/20-21 Dt.21.4.20) | വിസിറ്റിംഗ് വിസയാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. |
| സിജി എസ്, വരമ്പേൽ, മനക്കര, ശാസ്താംകോട്ട | Rs.1,00,000/- (1/20-21 Dt.21.4.20) | വിസിറ്റിംഗ് വിസയാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. |
| ആകെ | 2,00,000/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി ആളുകളുമായി ബന്ധപ്പെട്ട് തൊഴിൽ വിസ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് അംഗീകരിക്കുന്നില്ല. തൊഴിൽ വിസ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സഹചര്യത്തിൽ 2,00,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയതു ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം.-2/28.2.22
നിരാകരിക്കുന്ന തുക – 2,00,000/-രൂപ

1-18 പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം - SO123/21

അടങ്കൽ തുക - 10,00,000/-രൂപ (വികനഫണ്ട്-എസ്.സി.പി)

ചെലവ് - 9,99,995/-രൂപ

നിർവ്വഹണം - എസ്.സി.ഡി.ഒ.

2020-21 വർഷത്തിൽ എസ്.സി.ഡി.ഒ നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ പദ്ധതിവഴി താഴെപ്പറയുന്നവയാണ് നടപ്പിലാക്കിയിട്ടുള്ളത്.

1) പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ സി .സി.ടി.വി സ്ഥാപിക്കൽ.

ചെലവ് - 4,29,186/- രൂപ (ബിൽ നം – 2/20-21 Dt.21.4.20)

2020-21 വർഷത്തിൽ ശാസ്താംകോട്ട,പോരുവഴി, കുന്നത്തൂർ എന്നീ പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ കെൽട്രോൺ മുഖാന്തിരം സി.സി.ടി.വി. സ്ഥാപിച്ചു. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ് ടി ചെലവ് നടത്തിരിക്കുന്നത്. ഇതു സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹോസ്റ്റലിന്റെ സുഗമമായ പ്രവർത്തനത്തിനും, കുട്ടികളുടെയും ജീവനക്കാരുടെയും സുരക്ഷയെ മുൻനിർത്തിയുമാണ് സി.സി.ടി.വി സ്ഥാപിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങൾക്കും, പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചും ചെലവഴിച്ച 4,29,186/-രൂപ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ എസ്.സി.ഡി.ഒയിൽ നിന്നും ഈടാക്കേണ്ടതാണ്.

2) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ.

ചെലവ്-3,60,426/-രൂപ (ബിൽ നം-3/20-21 Dt.21.4.20)

ശാസ്താംകോട്ട, പോരുവഴി, കുന്നത്തൂർ എന്നീ പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് കെൽട്രോണിന്റെ 13.3.20-ലെ TVM/TBGI/RC/17196/19-20-ഇൻവോയ്സ് പ്രകാരം 3,60,426/-രൂപ നൽകി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക്(₹) | ആകെ തുക (₹) |
|---|---|---|---|---|
| 1 | Desktop-Intel Processor-Medium End-Ubuntu | 9 | 30,786/- | 2,77,074/- |
| 2 | A4 Sheetfed Scanner-Medium End-Ubuntu | 3 | 19,987/- | 59,961/- |
| 3 | 600VA-UPS With 5 Minuts Medium End-Windows And Ubuntu And Battery | 9 | 2,599/- | 23,391/- |
| | Total | | | 3,60,426/- |

മേൽ ഉപകരണങ്ങളുടെ വിതരണവിവരം ഉൾപ്പെടുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ഉപകരണങ്ങൾ നൽകിയ പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ 25.2.22-തിയതിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ ശാസ്താംകോട്ട, പോരുവഴി, കുന്നത്തൂർ എന്നീ പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ, സ്കാനർ, യു.പി.എസ്, ബാറ്ററി എന്നിവ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 3,60,426/-രൂപയുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്ന് നാളിതുവരെ ലഭിച്ചിട്ടില്ലെന്ന മറുപടിയാണ് ഹാജരാക്കിയത്. ആയതിനാൽ മേൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ നാളിതുവരെ നടപടി സ്വീകരിക്കാത്തതിനാൽ 3,60,426/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്ന് താമസംവിനാ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3) ടി.വി, പ്രൊജക്റ്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ.

പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ആർട്ട്കോയിൽ നിന്നും ടെണ്ടർ നടപടി സ്വീകരിക്കാതെ 2,10,383/- രൂപയ്ക്ക് (ബിൽ നം. 46/20-21, 23.3.2021) ടി.വി, പ്രോജക്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങി. ആർട്ട്കോ ഉൽപ്പാദനം, വിതരണം നടത്തുന്ന തടി, സ്റ്റീൽ എന്നിവ ഉൾപ്പെടുന്ന ഫർണീച്ചറുകൾ മാത്രമാണ് ടെണ്ടർ നടപടി സ്വീകരിക്കാതെ വാങ്ങാൻ കഴിയുന്നത്. മേൽ ഇലക്ട്രോണിക് ഉപകരങ്ങളുടെ ഉൽപാദനം, വിതരണം ആർട്ട്കോ നടത്തുന്നില്ല. ആയതിനാൽ ടെണ്ടർ നടപടിയിലൂടെ അല്ലാതെ ടി ഉപകരണങ്ങൾ ആർട്ട്കോയിൽ നിന്നും വാങ്ങാൻ കഴിയുകയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആർട്ട്കോ നിർമ്മിച്ച് നൽകുന്ന സാധനങ്ങളുടെ വിലയുടെ 50% ത്തിൽ അധികരിക്കാത്ത സാധനങ്ങൾ പുറമേ നിന്ന് വാങ്ങി, അവർ നിർമ്മിക്കുന്ന സാധനങ്ങൾക്കൊപ്പം നൽകാം എന്ന ഉത്തരവിന്റെ (GO(ms)No.1/2016/SPD, Dt. 8.12.16) അടിസ്ഥാനത്തിലാണ് പർച്ചേസ് ഓർഡർ നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ടി.വി, പ്രോജക്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ഉൽപ്പാദനം ആർട്ട്കോ നടത്താത്തതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ടെണ്ടർ നടപടിയിലൂടെ അല്ലാതെ ആർട്ട്കോയിൽ നിന്ന് മേൽ ഉപകരണങ്ങൾ വാങ്ങിയ 2,10,383/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയതിന് സർക്കാർ അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 3/28.2.22

തടസ്സപ്പെടുത്തുന്ന തുക – 5,70,809/-രൂപ (3,60,426/-+2,10,383/-)

1-19 മരുന്നുകൾ സ്റ്റോക്കിലെടുത്തില്ല,ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. 81/21 – പാലിയേറ്റിവ് കെയർ

വികസന ഫണ്ട് – 9,42,440/-രൂപ

തനതു ഫണ്ട് – 57,560/-രൂപ

ആകെ – 10,00,000/-രൂപ

ബിൽ നം.14/31-01-21 തുക-5,96,000/-രൂപ

നിർവഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി

പാലിയേറ്റീവ് കെയർ നിർവഹണത്തിനായി കേരള മെഡിക്കൽ സർവിസ് കോർപ്പറേഷന്റെ ഇൻവോയിസ് നം. PRF 4065/28/12 / 20 പ്രകാരമുള്ള മരുന്നുകളിൽ ചുവടെ ചേർക്കുന്നവ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

| ക്രമ നം. | മരുന്നിന്റെ പേര് | എണ്ണം | വില (₹) |
|---|---|---|---|
| 1. | Prezopressxl-5mg | 1850 | 18,426/- |
| 2. | Liofen 10mg | 600 | 5,208/- |
| 3. | Colostomy Bag 70mm | 54 | 11,240/- |
| | ആകെ | | 34,874/- |

സ്റ്റോക്കിലെടുക്കാത്ത മരുന്നിന്റെ വിലയായ 34,874/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ സ്റ്റോക്കിലെടുക്കാത്തതിനു മതിയായ വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 11-2/3/22

തടസ്സപ്പെടുത്തിയ തുക – 34,874/-രൂപ

1-20 മരുന്നുകൾ ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു-

പ്രോജക്റ്റ് നം. 192/21
ശാസ്താംകോട്ട താലൂക്ക് ആശുപത്രിക്ക് സുരക്ഷാ ഉപകരണങ്ങളും മരുന്നു വാങ്ങലും.
അടങ്കൽ വികസന ഫണ്ട് -5,00,000/-രൂപ
ചെലവ് - 500000/-രൂപ, ബിൽ നം. 10/6.10.20
നിർവഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ -താലൂക്ക് ആശുപത്രി
കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി കെ.എം.എസ് സി.എൽ ന്റെ ഇൻവോയിസ് നം. PRF 2557/28/9/20 പ്രകാരം 5,00,000/- രൂപ നൽകുകയുണ്ടായി. ഇൻവോയിസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | മരുന്നിന്റെ പേര് | എണ്ണം | വില (₹) |
|---|---|---|---|
| 1 | Rantac 150 Mg Tab | 10000 | 6,496/- |
| 2 | Apron Disposible Full Sleev(48Gsm-Laminated Gown | 1902 | 1,55,773/- |
| 3. | Muprevent 5 Mg Oilment(Mupirocin2%) | 150 | 4,233.60 |
| 4. | Thrombophob Oint20mg | 50 | 3,363.92 |
| 5 | Micropore(Hipore) | 500 | 16,800/- |
| 6. | FaceShied(Disposable) | 1000 | 29,500/- |
| 7 | Polibion Inj 2ML | 200 | 976.64 |
| 8 | Nicardia 5mgCap | 200 | 235.20 |
| 9 | Nicardia Retard20 Mg Tab | 200 | 517.44 |
| 10 | Gloves Sterile-7(Age) | 5000 | 59,528.00/- |
| 11 | Gloves Non Sterile-7.5(Age) | 4000 | 43,814.40 |
| 12. | Gloves Non Sterile-7(Age) | 7000 | 76,675.20 |
| 13 | Gloves Non Sterile-6.5(Age) | 6995 | 76,620.44 |
| | Handling Charge + Gst | | 68,375.66 |
| | ആകെ | | 5,42,909.5 |

എന്നാൽ നാളിതുവരെയും മരുന്നുകളും ഉപകരങ്ങളും ലഭ്യമായില്ല. 27.02.2021-ൽ കത്ത് നം. 2064/20 പ്രകാരം സൂപ്രണ്ട് മരുന്നുകൾ ലഭ്യമാക്കണമെന്ന കാണിച്ച് ഓർമ്മകുറിപ്പ് നൽകിയതായി കാണുന്നു. കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി അടിയന്തരമായി ലഭ്യമാകേണ്ട മരുന്നുകൾ ലഭ്യമാകാത്തത് ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നു. ലഭ്യമാകാത്ത മരുന്നിന്റെ വില 5,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇൻവോയിസ് പ്രകാരം 2,56,638/-രൂപയ്ക്ക് വിവിധ ഗ്ലൗസുകൾ വാങ്ങാനാണ് തുക നൽകിയിരിക്കുന്നത്. കൊറോണ രോഗം നിയന്ത്രണമായതിനാൽ ആവശ്യമായ തോതിൽ മാത്രം ഗ്ലൗസുകൾ വാങ്ങുന്നത് ഉചിതമായിരിക്കും.
ഓഡിറ്റ് എൻക്വയറി നം. 11/2-3-22
തടസ്സപ്പെടുത്തുന്ന തുക – 5,00,000/-രൂപ

1-21 കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മരുന്ന്, സുരക്ഷ ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.

2020-21 വർഷത്തിൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി മരുന്ന്, സുരക്ഷ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ തുകയ്ക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| സി.എച്ച്.സി. | പ്രോജക്ട് നമ്പർ | അടങ്കൽ/ ചെലവ് (₹) (വികസന ഫണ്ട് ജനറൽ) | മരുന്ന് ലഭിച്ച തുക (₹) | മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നത് (₹) | ബിൽ നം / തിയതി |
|---|---|---|---|---|---|
| മൈനാഗപ്പള്ളി | S0189/21 | 2,50,000/- | 1,03,877/- | 1,46,123/- | 9/20-21 / 1.8.21 |
| ശൂരനാട് | S0190/21 | 2,50,000/- | 0 | 2,50,000/- | 15/20-21 / 30.1.21 |
| | | | ആകെ | 3,96,123/- | |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്ന മറുപടിയാണ് മൈനാഗപ്പള്ളി സി.എച്ച്.സിയിൽ നിന്നും ലഭ്യമാക്കിയത്. ശൂരനാട് സി.എച്ച്.സി മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്നുകളുടെയും, ഉപകരണങ്ങളുടെയും അഭാവത്തിൽ 3,96,123/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം - 4, 5 / 28.02.2022

തടസ്സപ്പെടുത്തിയ തുക – 3,96,123/-രൂപ

1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറി - പദ്ധതി പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ – SO 20/20 (പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറി)

അടങ്കൽ തുക – 36,00,000/- രൂപ (വികസനഫണ്ട്-എസ്.സി.പി.)

നിർവ്വഹണം – പട്ടികജാതി വികസന ഓഫീസർ

2019-20 വർഷത്തിൽ ആരംഭിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറിയെന്ന പദ്ധതിയിൽ ഉൾപ്പെട്ട 28 ഗുണഭോക്താക്കളിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും പണിപൂർത്തീകരിച്ചിട്ടില്ല. (ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി സബ്സിഡി 2 ലക്ഷം രൂപ)

| ക്രമ നം | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപ്പറ്റിയ തുക (₹) | വൗച്ചർ/ബിൽ നം./ തീയതി |
|---|---|---|---|
| 1 | ശ്രീമതി ബിന്ദു ആർ ആര്യാഭവനം, ഐത്തോട്ടുവ പടിഞ്ഞാറേ കല്ലട. | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 28/19-20, 28.10.19<br>15/19-20, 16.9.20<br>22/20-21, 30.10.20 |
| 2 | ശ്രീമതി ശോഭന ആർ,<br>പനവിള പുത്തൻവീട്<br>തോട്ടത്തുംമുറി, ഉുത്തിക്കര പി. ഒ. | 30,000/- (I ഗഡു) | 35/19-20, 16.12.19 |
| 3 | ശ്രീമതി സിന്ധു ടി,<br>വലിയമാടത്തിൽ<br>വേങ്ങ. പി. ഒ | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 43/19-20, 12.12.19<br>24/20-21 30.10.20<br>34/20-21 28.12.20 |
| 4 | ശ്രീമതി ബീന ആർ,<br>ഐക്കരപടീറ്റതിൽ<br>തെക്കൻ മൈനാഗപ്പള്ളി, | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 43/19-20, 12.12.19<br>2/21-22 24.9.21<br>3/21-22, 20.11.22 |

| | | | |
|---|---|---|---|
| | മൈനാഗപ്പള്ളി പി. ഒ. | | |
| 5 | ശ്രീ. രാജേന്ദ്രൻ, ചവറവിളവീട്, മാനാമ്പുഴ പി. ഒ, കുന്നത്തൂർ | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 43/19-20, 12.12.19<br>14/20-21, 24.8.20<br>26/20-21, 11.11.20 |
| 6 | ശ്രീമതി മിനി. സി, പെരുമ്പ്ര പടിഞ്ഞാറ്റതിൽ, ഇടയ്ക്കാട് പി. ഒ, പോരുവഴി | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 55/19-20,20.1.20<br>14/20-21, 24.8.20<br>14/20-21, 24.8.20 |
| 7 | ശ്രീ. സഹദേവൻ കണ്ണന്തറ കിഴക്കതിൽ, കണത്താർകുന്നം, പടിഞ്ഞാറേ കല്ലട. | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 28/19-20, 28.10.19<br>63/19-20 12.2.20<br>20/20-21 30.10.20 |
| 8 | ശ്രീമതി ശ്രീജ, കൃഷ്ണഭവനം പുലിക്കുളം, ശൂരനാട് വടക്ക് | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 43/19-20, 12.12.19<br>14/20-21, 24.8.20<br>17/20-21 28.9.20 |
| 9 | ശ്രീമതി സതി എസ്, ശ്രുതിഭവനം കിടങ്ങയം വടക്ക്, പതാരം പി.ഒ. | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 43/19-20, 12.12.19<br>63/19-20 12.2.20<br>14/20-21, 24.8.20 |
| | ആകെ | 13,90,000/- | |

മേൽപറഞ്ഞ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിക്കാത്തതിന് നാളിതുവരെ എന്തു നടപടി സ്വീകരിച്ചു എന്ന വിവരത്തിനു രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് എസ്.സി പ്രൊമോട്ടർ, ജനപ്രതിനിധികൾ എന്നിവർ മുഖാന്തിരം ബന്ധപ്പെട്ട് മേൽ ഗുണഭോക്താക്കളുടെ പഠനമുറി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ഓഫീസ് മുഖനേ കത്ത് നൽകിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. നടപടികൾ സ്വീകരിച്ചിട്ടും ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിക്കാത്തതിനാൽ അവർ കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പഠനമുറി പൂർത്തികരിച്ച സാക്ഷ്യപത്രം താമസംവിനാ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-7/28.2.22

## 1-23 ക്ഷീരസംഗമം നടത്തിയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷത്തിൽ ക്ഷീരവികസന ഓഫീസിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ബ്ലോക്കുതല ക്ഷീരസംഗമം 2019 ഡിസംബർ 27, 28 തിയതികളിൽ നടത്തിയതിന് 10,000/- രൂപ ക്ഷീരവികസന ഓഫീസർക്ക് നൽകി (ചെക്ക് നം-292489/16.6.20). ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് രേഖകളുടെ അഭാവത്തിൽ 10,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. – 15 / 2.3.22

തടസ്സപ്പെടുത്തുന്ന തുക – 10,000/- രൂപ

## 1-24 കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ -ഗുണഭോക്തൃ വിഹിതം കളക്റ്റ്

ചെയ്തതിന്റെയോ ഒടുക്കുവരുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയില്ല..

(എ) ഹരിത കേരളം തരിശ് രഹിത ശാസ്താം കോട്ട രണ്ടാംഘട്ടം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| പ്രോജക്റ്റ് നം | 48/20 ഹരിത കേരളം തരിശ് രഹിത ശാസ്താം കോട്ട രണ്ടാം ഘട്ടം (2019-20ലെ സ്പിൽഓവർ) |
| അടങ്കൽ തുക | 6,07,500/-രൂപ വികസനഫണ്ട് ജനറൽ<br>20,00,000/-രൂപ ഗുണഭോക്തൃവിഹിതം |
| ചെലവഴിച്ച തുക | 6,07,500/-രൂപ<br>(ബിൽ നം 1/20-4-20 തുക 3,12,500/-രൂപ,<br>ബിൽ നം 2/20-4-20 തുക 2,95,000/-രൂപ) |

ബ്ലോക്ക് പ്രദേശത്തെ 52 ഹെക്ടർ ഭൂമിയിൽ കർഷകകൂട്ടായ്മകൾ/ഗ്രൂപ്പുകൾ എന്നിവർക്ക് പച്ചക്കറി//കിഴങ്ങുവിള കൃഷി ചെയ്യുന്നതിന് സഹായം നല്കുന്നതിന് വേണ്ടിയാണ് മേൽ പദ്ധതി ആവിഷ്കരിച്ചിരുന്നത്. മേൽ പദ്ധതിയിൽ 520 ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിനായി 2,500/-രൂപ സബ്സിഡി നിരക്കിൽ 13,00,000/- രൂപ ചെലവഴിച്ച് (6,07,500/- രൂപ ക്യൂ ബിൽ ആയി 2020-21ൽ മാറി) ഉത്പ്പാദനോപാധികൾ KAICOയിൽ നിന്നും വാങ്ങി നല്കിയിട്ടുണ്ടെങ്കിലും 392 ഗ്രൂപ്പുകൾ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ ഉദ്പ്പാദനോപാധികൾ നിർവഹണോദ്യോഗസ്ഥൻ നേരിട്ട് വാങ്ങി നല്കുമ്പോൾ ഗുണഭോക്തൃവിഹിതം കൃഷിഭവനിൽ സ്വീകരിച്ച് ബ്ലോക്ക് ഓഫീസ് മുഖേനയാണ് കൈമാറേണ്ടതെങ്കിലും വികസന ഫണ്ട് വിഹിതം 13,00,000/-രൂപ കൈമാറിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/18 ത.സ്വ.ഭ.വ തീ 14.2.18 ഖ 2.6ലെ പൊതുനിബന്ധനകളിലും ഖ.6.1.7ലെ കൃഷി സംബന്ധിച്ച നിബന്ധനയിലും വ്യക്തികൾ/ഗുണഭോക്തൃ സമിതികൾ/ഗ്രൂപ്പുകൾ എന്നിവർ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ ഉത്പ്പാദനോപാധികളും യന്ത്രോപകരണങ്ങളും നൽകുന്നതിന് മുമ്പായി സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷിഭവനിൽ അടച്ചിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് /ഗ്രൂപ്പുകളിൽ നിന്ന് ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്യാതെയാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. നിലവിൽ KAICO-ക്ക് തുക നൽകൽ മാത്രമായി പദ്ധതി പ്രവർത്തനം ചുരുങ്ങിയിരിക്കുകയാണ്. ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്തതിന്റെയും കൈകോയിൽ ഒടുക്കുവരുത്തിയതിന്റെയും രേഖകളും 128 യൂണിറ്റിന്റെ വിതരണരേഖകളും ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കളക്റ്റ് ചെയ്ത് ഒടുക്കുവരുത്താനുള്ള ഗുണഭോക്തൃ വിഹിതത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കൈകോ ഇൻവോയ്സ് നം / ബിൽ തുക | വികസന ഫണ്ടിൽ നിന്നും ഒടുക്ക വരുത്തിയ സബ്സിഡി തുക- (₹) | ഗുണഭോക്താക്കളിൽ നിന്ന് കളക്റ്റ് ചെയ്തത് ഒടുക്കവരുത്തേണ്ടിയിരുന്ന ഗുണോക്തൃവിഹിതം (₹) |
|---|---|---|
| 1258/19-20 തീ 11-3-20- തുക 3,64,375/-രൂപ | 3,12,500/- | 51,875/- |
| 1264/19-20 തീ 11-3-20- തുക 3,43,970/-രൂപ | 2,95,000/- | 48,970/- |
| 800/19-20 തീ 30-12-19- തുക 3,67,290/-രൂപ | 3,15,000/- | 52,290 |
| 726/13-12-19-, തുക 4,54,805/-രൂപ | 3,77,500/- | 77,305/- |
| | 13,00,000/- | 2,30,440/- |

ഗുണഭോക്തൃവിഹിതം അടയ്ക്കുന്നവർക്ക് വേണ്ടി മാത്രം സബ്സിഡി ചെലവഴിക്കേണ്ടതിനാൽ ഗുണഭോക്തൃവിഹിതം അടച്ചതിന്റെ രേഖകളുടെയും വിതരണരേഖകളുടെയും അഭാവത്തിൽ പദ്ധതിക്ക് വേണ്ടി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച 1300000/-(2019-20,2020-21) രൂപയിൽ 2020-21ൽ ചെലവഴിച്ച 607500/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. - 10/28-2-22

തടസ്സപ്പെടുത്തുന്ന തുക - 6,07,500/-രൂപ

(ബി) ജീവനി പച്ചക്കറികൃഷി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| പ്രോജക്റ്റ് നം | 29/21 ജീവനി പച്ചക്കറികൃഷി |
| അടങ്കൽ തുക | 16,00,000/-രൂപ<br>(വികസനഫണ്ട് ജനറൽ 5,09,623/-രൂപ,<br>സി.എഫ്.സി-2,90,377/-രൂപ<br>ഗു.വി-8,00,000/-രൂപ) |
| ചെലവഴിച്ച തുക | 8,00,000/-രൂപ<br>(ബിൽ നം 5/12-11-20 തുക 2,20,000/-രൂപ,<br>ബിൽ നം 6/30-1-21 തുക 70,000/-രൂപ,<br>ബിൽ നം 7/30-1-21 തുക 3,00,000/-രൂപ,<br>ബിൽ നം 8/30-1-21 തുക 377/-രൂപ,<br>ബിൽ നം 9/27-3-21 തുക 2,09,623/-രൂപ |

മേൽ പദ്ധതിയിലെ ആകെ ചെലവായ തുകയിൽ 8,00,000/-സബ്സിഡിയും, 2,37,350/-രൂപ ഗുണഭോക്തൃ വിഹിതവുമാണ്. എന്നാൽ സബ്സിഡി തുകയായ 8,00,000/-രൂപ വികസനഫണ്ടിൽ നിന്ന് പിൻവലിച്ച് കൈകോയ്ക്ക് നല്കിയതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ചെലവഴിച്ച 8,00,000-രൂപയിൽ 4,00,000/-രൂപ പച്ചക്കറി തൈകൾക്കുള്ള (100%) സബ്സിഡിയും 4,00,000/-രൂപ വളത്തിനുള്ള സബ്സിഡിയുമാണ്. കൂടാതെ ഉത്പ്പാദനോപാധികൾ നേരിട്ട് വാങ്ങി നല്കുമ്പോൾ ഗുണഭോക്തൃ വിഹിതം കൃഷിഭവനിൽ

സ്വീകരിച്ച് ബ്ലോക്ക് ഓഫീസ് മുഖേനയാണ് കൈമാറേണ്ടതെങ്കിലും വികസന ഫണ്ട് 8,00,000/- കൈമാറിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/18 ത.സ്വ.ഭ.വ തീ 14.2.18 ഖ 2.6 ലെ പൊതുനിബന്ധനകളിലും ഖ. 6.1.7 ലെ കൃഷി സംബന്ധിച്ച നിബന്ധനയിലും വ്യക്തികൾ/ഗുണഭോക്തൃ സമിതികൾ/ഗ്രൂപ്പുകൾ എന്നിവർ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ ഉത്പ്പാദനോപാധികളും യന്ത്രോപകരണങ്ങളും നൽകുന്നതിന് മുമ്പായി സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷിഭവനിൽ അടച്ചിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് /ഗ്രൂപ്പുകളിൽ നിന്ന് ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്യാതെയാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. വളത്തിനുള്ള ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്തതിന്റെയും കൈകോയിൽ ഒടുക്കു വരുത്തിയതിന്റെയും രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കളക്റ്റ് ചെയ്ത് ഒടുക്കുവരുത്താനുള്ള ഗുണഭോക്തൃവിഹിതത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കൈകോ ഇൻവോയ്സ് നം/ ബിൽ തുക (₹) | ഒടുക്കുവരുത്തിയ സബ്സിഡി തുക (₹) | ഗുണഭോക്താക്കളിൽ നിന്ന് കളക്റ്റ് ചെയ്തത് ഒടുക്കു വരുത്തേണ്ടിയിരുന്ന ഗുണഭോക്തൃവിഹിതം (₹) |
|---|---|---|
| 745/20-21 തീ 15-3-21, തുക 1,54,350/-രൂപ | 1,05,000/- | 49,350/- |
| 490/20-21 തീ 20-11-21, തുക 2,71,950/-രൂപ | 1,85,000/- | 86,950/- |
| 316/20-21 തീ 2-11-20, തുക 1,61,700/-രൂപ | 1,10,000/- | 51,700/- |
| | 4,00,000/- | 2,37,350/- |

ഗുണഭോക്തൃവിഹിതം അടയ്ക്കുന്നവർക്ക് വേണ്ടി മാത്രം സബ്സിഡി ചെലവഴിക്കേണ്ടതിനാൽ ഗുണഭോക്തൃവിഹിതം അടച്ചതിന്റെ രേഖകളുടെയും വിതരണരേഖകളുടെയും അഭാവത്തിൽ പദ്ധതിക്ക് വേണ്ടി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച 8,00,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 10/28-2-22

തടസ്സപ്പെടുത്തുന്ന തുക 8,00,000/-രൂപ

1-25 സുഭിക്ഷകേരളം കാർഷിക ആയുർവ്വേദ നഴ്സറി സ്ഥാപിക്കൽ -നടപ്പായില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 161/21 സുഭിക്ഷകേരളം ബ്ലോക്ക് പഞ്ചായത്തിൽ കാർഷിക ആയുർവ്വേദ നഴ്സറി സ്ഥാപിക്കൽ |
| അടങ്കൽ തുക | 5,00,000/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 1,26,543/-രൂപ (ബിൽ നം 56/25-3-21) |

കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ് എന്നീ സംവിധാനങ്ങൾ ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് ആയുർവ്വേദ കാർഷിക നഴ്സറി സ്ഥാപിച്ച് ഗ്രീൻ ഹൗസ് സംവിധാനങ്ങളോടെ പരിപാലിച്ച് മിതമായ നിരക്കിൽ തൈകൾ വിതരണം ചെയ്യുന്നതിനുള്ള

പദ്ധതിക്കായി 1,26,543/-രൂപ ചെലവിൽ റെയിൻ ഷെൽട്ടർ (വില 99,999.27രൂ), വീഡ് മാറ്റ് (വില 4,522/-രൂ), മിസ്റ്റ് ഇറിഗേഷൻ സിസ്റ്റം (വില 22,021.44/-രൂപ)എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ റെയിൻ ഷെൽട്ടർ മാത്രമാണ് കാണാൻ കഴിഞ്ഞത്. നിലവിൽ റെയിൻ ഷെൽട്ടറിനുള്ളിൽ തടമെടുത്ത് പയർ വിത്തുകൾ പാകിമുളപ്പിച്ചിട്ടുണ്ട്. മറ്റ് തൈകളോ റെയിൻ ഷെൽട്ടറിനോടൊപ്പം വാങ്ങി നല്കിയ വീഡ് മാറ്റ്, മിസ്റ്റ് ഇറിഗേഷൻ സിസ്റ്റം എന്നിവ കാണാൻ കഴിഞ്ഞില്ല. മേൽ വിഷയങ്ങൾ സൂചിപ്പിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പദ്ധതി വഴി ഇതുവരെ എത്ര തൈകൾ ഉൽപ്പാദിപ്പിച്ചു, വിൽപ്പനയിനത്തിൽ എത്ര രൂപ ലഭിച്ചു എന്നീ വിവരങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയുർവേദ നഴ്സറിക്ക് വേണ്ടി തുക ചെലവഴിച്ചെങ്കിലും നിലവിലും പദ്ധതി നടപ്പിലാക്കാത്തതിനാൽ ചെലവഴിച്ച തുകയിൽ 9,999.56 രൂപ തടസ്സപ്പെടുത്തുകയും നഴ്സറിയിൽ സ്ഥാപിച്ചിട്ടില്ലാത്ത ഇനങ്ങളായ വീഡ് മാറ്റ്, മിസ്റ്റ് ഇറിഗേഷൻ സിസ്റ്റം എന്നിവയുടെ വിലയായ 26,543.44 രൂപ നിരാകരിക്കുകയും ചെയ്യുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം 13/2-3-22

തടസ്സപ്പെടുത്തുന്ന തുക-9,999.56 രൂപ

നിരാകരണം-26,543.44 രൂപ

1-26 പാലിയേറ്റീവ് പരിചരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-അംഗീകരിച്ച അടങ്കൽ തുകയിലും അധികമായി ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 10/21 – പാലിയേറ്റീവ് പരിചരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. |
| അടങ്കൽ തുക | 3,00,000/-രൂപ- വികസനഫണ്ട് ജനറൽ |
| ചെലവഴിച്ച തുക | 4,61,000/-രൂപ-(എ.സി.ആർ. പ്രകാരം)<br>(ബിൽ നം. 233/2.2.21 തുക 2,00,000/-രൂപ-,<br>ബിൽ നം. 238/2.2.21 തുക 2,00,000/-രൂപ-,<br>ബിൽ നം. 240/2.2.21 തുക 61,000/-രൂപ) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയ്ക്ക് 3,00,000/-രൂപ അടങ്കൽ തുകയിലാണ് പദ്ധതി അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത് 4,61,000/-രൂപയാണ്. (സുലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കൽ തുക 3,00,000/-രൂപ, ചെലവഴിച്ച തുക 4,61,000/-രൂപ). പദ്ധതി റിവൈസ് ചെയ്യാതെ, അംഗീകരിച്ച തുകയിൽ നിന്നും 1,61,000/-രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് തുക നല്കിയത് എന്നതിന്റെ വിവരമോ ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്റ്റോ തുകയുടെ വിനിയോഗ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.മേൽ കാരണങ്ങളാൽ അംഗീകരിച്ച പദ്ധതി അടങ്കൽ തുകയിൽ നിന്നും അധികമായി ചെലവഴിച്ച 1,61,000/- രൂപ നിരാകരിക്കുകയും രേഖകൾ ഹാജരാക്കാത്തതിനാൽ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അധികമായി ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ ഒടുക്കുവരുത്തേണ്ടതും തടസ്സപ്പെടുത്തിയ തുകയ്ക്ക് മതിയായ ചെലവ് രേഖകൾ ഹാജരാക്കേണ്ടതുമാണ്.

എൻക്വയറി നം . 22/25.03.2022

നിരാകരിക്കുന്ന തുക – 1,61,000/-രൂപ

തടസ്സപ്പെടുത്തിയ തുക – 3,00,000/-രൂപ

1-27 ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ മേശയും കസേരയും വാങ്ങൽ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. | 106/20 ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ മേശയും കസേരയും വാങ്ങൽ. |
| അടങ്കൽ തുക | 1,50,000/-രൂപ--(മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) |
| ചെലവഴിച്ച തുക | 1,50,000/-രൂപ- (ബിൽ നം 11/20-4-20) |

പദ്ധതിക്കായി 2 ത്രീസീറ്റർ ചെയർ, ഒരു കമ്പ്യൂട്ടർ ചെയർ വിത്ത് ആം,10 ഫോൾഡിങ്ങ് ടൈപ്പ് ഡൈനിങ്ടേബിൾ, 50 നീൽകമൽ ആംചെയർ, 50 നീൽകമൽ ആംലെസ്സ് ചെയർ എന്നിവ ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. എന്നാൽ ആർട്ട്കോയ്ക്ക് സർക്കാർ അംഗീകരിച്ച് നല്കിയ റേറ്റ് കോൺട്രാക്റ്റിൽ മേൽ പരാമർശ ഫർണിച്ചർ ഇനങ്ങൾ ഉൾപ്പെട്ടിട്ടില്ല. റേറ്റ് കോൺട്രാക്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടികളില്ലാതെ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അംഗീകരിച്ച് നല്കിയ റേറ്റ് കോൺട്രാക്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടി കൂടാതെ വാങ്ങിയതിനാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. നിർവഹണോദ്യോഗസ്ഥനായ സെക്രട്ടറി ഈ വിഷയത്തിൽ വിശദീകരണം നൽകേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നം. – 13/2-3-22
തടസ്സപ്പെടുത്തുന്ന തുക–1,50,000/- രൂപ

1-28 വികസനപദ്ധതികളുടെ ഡോക്യുമെന്ററി തയ്യാറാക്കൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 184/21 വികസനപദ്ധതികളുടെ ഡോക്യുമെന്ററി തയ്യാറാക്കൽ |
| അടങ്കൽ തുക | 200000രൂപ-(തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 1,96,000/-രൂപ<br>(90,000/-രൂപ (ചെക്ക്നം 296399/11-11-20),<br>1,06,000/-രൂപ (ചെക്ക് നം ലഭിച്ചില്ല) |

മേൽ പദ്ധതിക്കായി ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുകയായ 90,000/-രൂപ ക്വോട്ട് ചെയ്ത ഗിരീഷ് കുമാർ കല്ലട എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ടിയാൾക്ക് 90,000/-രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതി ചെലവ് 1,96,000/-രൂപയാണ്. അധികമായി പിൻവലിച്ച 1,06,000/- രൂപ ആർക്ക് നല്കി എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. തയ്യാറാക്കിയ ഡോക്യുമെന്ററിയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിക്ക് വേണ്ടി ചെലവഴിച്ച ഡോക്യുമെന്ററി സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 90,000/-രൂപ തടസ്സപ്പെടുത്തുകയും അധികമായി ചെലവഴിച്ച 1,06,000/- രൂപ നിരാകരിക്കുകയും ചെയ്യുന്നു. തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/2-3-22
തടസ്സപ്പെടുത്തുന്ന തുക–90,000/- രൂപ

നിരാകരിക്കുന്ന തുക 1,06,000/-രൂപ

1-29 കൊച്ചുപിലാംമൂട് കുടിവെള്ള പദ്ധതി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | പ്രോ. നം. 178/21 കൊച്ചുപിലാംമൂട് കുടിവെള്ള പദ്ധതി |
| അടങ്കൽ തുക | 10,00,000/-രൂപ (വികസനഫണ്ട്) |
| ചെലവഴിച്ച തുക | 9,08,725/-രൂപ<br>(ബിൽ നം 38/19-3-21 തുക 18,725/-രൂപ<br>ബിൽ നം 94/30-3-21 തുക 8,90,000/-രൂപ) |

40ൽ അധികം കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വഴി കുടിവെള്ളം ഉറപ്പ് വരുത്തുന്നതിന് വേണ്ടിയുള്ള മേൽ പദ്ധതിക്കായി ആകെ 9,08,725/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഭൂജലവകുപ്പിൽ നിന്നും 29-3-21ൽ നല്കിയ കത്തിൽ, കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തി നല്കിയ സ്ഥലം താഴ്ന്ന സ്ഥലമാണെന്നും 8 മീറ്റർ ഉയരമുള്ള വാട്ടർടാങ്ക് പ്ലാറ്റ്ഫോമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിൽ നിന്നും ജലം എത്തുന്ന പ്രദേശങ്ങളിൽ കഴിയുന്ന ഗുണഭോക്താക്കൾക്ക് മാത്രമേ ജലവിതരണം നടത്താൻ കഴിയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ വിവരം, നിലവിലെ സ്ഥിതി എത്ര കുടുംബങ്ങൾക്ക് വെള്ളം ലഭിക്കുന്നു തുടങ്ങിയ വിവരങ്ങളും ഒടുക്ക വരുത്തിയ തുകയുടെ പൂർണ്ണമായ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ആയതു ലഭ്യമാക്കുന്നത് വരെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . – 13/2-3-22

തടസ്സപ്പെടുത്തുന്ന തുക– 9,08,725/- രൂപ

1-30 മാലിന്യസംസ്കരണ സന്ദേശ ബോർഡ്, സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 146//21 മാലിന്യ സംസ്കരണ സന്ദേശ ബോർഡ്,<br>സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ |
| അടങ്കൽ തുക | 12,00,000/-രൂപ (വികസനഫണ്ട്) |
| ചെലവഴിച്ച തുക | 8,69,937/-രൂപ<br>(ബിൽ നം 10/15-6-20 തുക 7,99,937/-<br>ചെക്ക് നം 2916206/16-11-20 തുക 70,000/-രൂപ) |

പോരുവഴി, ശാസ്താംകോട്ട, പടിഞ്ഞാറേകല്ലട, മൈനാഗപ്പള്ളി, കുന്നത്തൂർ, ശൂരനാട് തെക്ക് എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനും മാലിന്യ സംസ്കരണ സന്ദേശ ബോർഡ് സ്ഥാപിക്കുന്നതിനുമായി 8,69,937/-രൂപ (കെൽട്രോണിൽ നിന്നുള്ള ബിൽ പ്രകാരം 7,99,937/-രൂപ+ബോർഡ് സ്ഥാപിക്കുന്നതിന് 70,000/-രൂപ) ചെലവഴിച്ചിട്ടുണ്ടെങ്കിലും മേൽ സൂചിപ്പിച്ചവ സ്ഥാപിച്ചതിന്റെ രേഖകളോ ഗ്രാമപഞ്ചായത്തുകൾ ക്യാമറകൾ പ്രവർത്തന സജ്ജമാക്കിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ക്യാമറ പ്രവർത്തനക്ഷമമാക്കുന്നതിന് വൈദ്യുത കണക്ഷൻ, ബ്രോഡ്ബാന്റ് കണക്ഷനോട് കൂടിയ കേബിൾ നെറ്റ് വർക്ക് കണക്ഷൻ, ദൃശ്യം ലഭ്യമാക്കുന്നതിനാവശ്യമായ മോണിറ്റർ എന്നിവ പഞ്ചായത്തുകൾ സജ്ജമാക്കണമെന്നാണ് പദ്ധതിയിൽ വിവരിച്ചിട്ടുള്ളത്. മേൽരേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 8,69,937/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/2-3-22

തടസ്സപ്പെടുത്തുന്ന തുക– 8,69,937/- രൂപ

1-31 2020 മാർച്ചിലെ പരീക്ഷയ്ക്ക് എല്ലാവിഷയങ്ങൾക്കും എ പ്ലസ്സ് കിട്ടിയ വിദ്യാർത്ഥികളെ ആദരിക്കൽ --സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 6/21 2020 മാർച്ചിലെ പരീക്ഷയ്ക്ക് എല്ലാവിഷയങ്ങൾക്കും എ പ്ലസ്സ് കിട്ടിയ വിദ്യാർത്ഥികളെ ആദരിക്കൽ . |
| അടങ്കൽ തുക | 2,00,000/-രൂപ, തനത്ഫണ്ട് |
| ചെലവഴിച്ച തുക | 87,685/-രൂപ (ചെക്ക് നം 2916373/13-10-20)<br>(ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി സംബന്ധമായി ഹാജരാക്കിയ രേഖകൾ പ്രകാരം 87,685/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിൽ മേൽ പദ്ധതി നടത്തുന്നതിനുള്ള അനുമതി നല്കിയിട്ടില്ല. മേൽ പദ്ധതി നടത്തിപ്പിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കണമെന്ന് അറിയിച്ച് കൊണ്ട് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതിയില്ലാതെ നടപ്പിലാക്കിയ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 87,685/- രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/2-3-22

നിരാകരിക്കുന്ന തുക 87,685/-രൂപ

1-32 തുല്യതാപരീക്ഷകൾക്ക് വിഹിതം നല്കൽ-രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 1) 108/21 തുല്യതാ പരീക്ഷ ഹയർസെക്കന്ററി ഒന്നാം വർഷം ഫീസ് ഒടുക്കൽ ,<br>2) 109/21 തുല്യതാ പരീക്ഷ ഹയർസെക്കന്ററി രണ്ടാം വർഷം ഫീസ് ഒടുക്കൽ |
| അടങ്കൽ തുക | 1) 90,000/-രൂപ, വികസനഫണ്ട് ജനറൽ<br>2) 61,600/-രൂപ, വികസനഫണ്ട് ജനറൽ |
| ചെലവഴിച്ച തുക | 1) 90,000/- രൂപ, ബിൽ നം 3/20-4-20<br>2) 61,600/-രൂപ, ബിൽ നം 4/20-4-20 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തുല്യതാ പരീക്ഷ ഹയർ സെക്കന്ററി ഒന്നാം വർഷം ഫീസ് ഒടുക്കൽ എന്ന പദ്ധതിയിൽ 36 ഗുണഭോക്താക്കൾക്ക് 2,500/- രൂപ നിരക്കിൽ 90,000/-രൂപയും തുല്യതാ പരീക്ഷ ഹയർ സെക്കന്ററി രണ്ടാം വർഷം ഫീസ് ഒടുക്കൽ എന്ന പദ്ധതിക്കായി 28 ഗുണഭോക്താക്കൾക്ക് 2,200/- രൂപ നിരക്കിൽ 61,600/-രൂപയും ഒടുക്കിയതിന്റെ രേഖകളും ഗുണഭോക്താക്കളുടെ പേര് വിവരം അടങ്ങിയ ലിസ്റ്റും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ടി വ്യക്തികളുടെ അപേക്ഷകളോ, മേൽ കോഴ്സുകൾക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകളോ, രജിസ്ട്രേഷൻ രേഖകളോ, പഠനത്തിൽ പങ്കെടുത്തതിന്റെയോ പാസ്സായതിന്റെയോ ജാതി തെളിയിക്കുന്നതിന്റെയോ

(എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീ ഇളവുള്ളതിനാൽ) രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ രണ്ട് പദ്ധതികളിലുമായി ചെലവഴിച്ച 1,51,600/-രൂപ (90,000+61,600/-) രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . – 13/2-3-22
തടസ്സപ്പെടുത്തുന്ന തുക– 1,51,600/- രൂപ.

1-33 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ, നിക്ഷേപ പ്രവർത്തികൾ എന്നിവയുടെ ചെലവിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിഹിതം നല്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകളോ, പദ്ധതിയോ, തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ ₹ | ചെലവ് ₹, ബിൽ നമ്പർ/ACR ബിൽ നമ്പർ |
|---|---|---|
| 13/21 ലൈഫ് ഭവന നിർമ്മാണപദ്ധതി -ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ | 70,58,880/-രൂപ (വികസന ഫണ്ട് ജനറൽ 60,51,200/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് 10,07,630/-രൂപ | 68,35,060/-രൂപ (ACRപ്രകാരം ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, പോരുവഴി, കുന്നത്തൂർ, മൈനാഗപ്പള്ളി, പടിഞ്ഞാറേ കല്ലട പഞ്ചായത്തുകൾക്ക് നൽകിയ അലോട്ട്മെന്റ്) |
| 16/21 ലൈഫ് ഭവന നിർമ്മാണപദ്ധതി -ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ | 1,14,85,280/-രൂപ (വികസന ഫണ്ട് എസ്.സി.പി) | 1,05,12,000/-രൂപ (ACRപ്രകാരം ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, പോരുവഴി, കുന്നത്തൂർ, മൈനാഗപ്പള്ളി, പടിഞ്ഞാറേ കല്ലട പഞ്ചായത്തുകൾക്ക് നൽകിയ അലോട്ട്മെന്റ്) |
| 26/21 വിശപ്പ് രഹിത കേരളം പഞ്ചായത്ത് വിഹിതം | 1,40,000/-രൂപ (വികസന ഫണ്ട് 1,00,000/-രൂപ, തനത്ഫണ്ട് 40,000/-രൂപ | 20,000/-രൂപ (429/30-3-21) |
| 193/21 രണ്ടാംകുറ്റിയിൽമുക്ക് കുളത്തിന്റെ മേലതിൽ റോഡ് കോൺക്രീറ്റിങ്ങ് | 5,00,000/-രൂപ (വികസന ഫണ്ട് എസ്.സി.പി) | 57,866/-രൂപ (TRN-12746/25-3-21) |
| 20/21 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | 200,000/-രൂപ (വികസന ഫണ്ട് ജനറൽ 1,00,000/-രൂപ, തനത്ഫണ്ട് 1,00,000/-രൂപ) | 50,000/-രൂപ (284/10-3-21) |

| | | |
|---|---|---|
| 19/21 ആയുർവ്വേദ ആശുപത്രിക്ക് മരുന്നവാങ്ങൽ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ | 3,00,000/-രൂപ (വികസന ഫണ്ട് ജനറൽ) | 3,00,000/-രൂപ (211/6-1-21, തുക 1,00,000/-രൂപ, 289/10-3-21, തുക 2,00,000/-രൂപ) |
| 35/21 കാർഷിക വിപണി നിർമ്മാണം പടിഞ്ഞാറേകല്ലട ഗ്രാമ പഞ്ചായത്തിന വിഹിതം | 5,00,000/- (വികസന ഫണ്ട് ജനറൽ) | 2,05,329/-(428/30-3-21) |
| 17/21 അംഗൻവാടി നിർമ്മാണം പഞ്ചായത്തുകൾക്ക് വിഹിതം | 4,00,000/-രൂപ (വികസന ഫണ്ട് ജനറൽ) | 4,00,000/-രൂപ (383/27-3-21) |
| 174/21 കില സി.എച്ച്.ആർ.ഡി ഹോസ്റ്റൽ നിർമ്മാണത്തിന് വിഹിതം നല്കൽ | 3,00,000/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3,00,000/-രൂപ (118/27-8-20) |
| 182/21 ജില്ലാ ആസൂത്രണസമിതി കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തൽ | 1,50,000/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,50,000/-രൂപ (122/8-9-20) |
| 7/21 ആശ്രയ പ്രോക്ടുകൾക്ക് ഗ്രാമപഞ്ചായത്തിന് വിഹിതം നല്കൽ | 5,00,000/-രൂപ (വികസന ഫണ്ട് ജനറൽ) | 50,000/-രൂപ (379/27-3-21-) |
| 10/21 പാലിയേറ്റീവ് പരിചരണം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ | 3,00,000/-രൂപ (വികസന ഫണ്ട് ജനറൽ) | 4,61,000/-രൂപ (233/2-2-21, 2,00,000/-രൂപ, 240/2-2-21, 61,000/-രൂപ) |
| 208/21 ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ 8,10 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ, (വാട്ടർ അതോറിറ്റി) | 10,00,000/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ്, | 10,00,000/-രൂപ (86/25-3-21) |
| 209/21 ചരുവിളകോളനി കുടിവെള്ള പദ്ധതി. | 1310000/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്, | 12,72,790/-രൂപ (9,40,000/-രൂപ ബിൽ നം.87/25-3-21, 3,30,855/-രൂപ ബിൽ നം.36/15-3-21, 1,935/-രൂപ ബിൽ നം. 88/30-3-21) |

| | | |
|---|---|---|
| 75/21 ഓലിച്ചിറ കോളനി കുടിവെള്ള പദ്ധതിക്ക് വാട്ടർ ടാങ്ക് നിർമ്മാണം. | 15,00,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, | 14,98,152/-രൂപ (5,95,952/-രൂപ ബിൽ നം.24/3-12-20, 1,30,200/-രൂപ ബിൽ നം.31/11-2-21, 7,72,000/-രൂപ ബിൽ നം.85/25-3-21) |
| | ആകെ | 2,31,12,197/-രൂപ |

മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയതിന്റെ രേഖകൾ, തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതു വരെ വിഹിതമിനത്തിൽ നല്കിയ 2,31,12,197/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/2-3-22

തടസ്സപ്പെടുത്തുന്ന തുക – 2,31,12,197/-രൂപ

1-34 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

| പദ്ധതിയുടെ വിവരം | അടങ്കൽ തുക (₹), ഫണ്ട് | ചെലവഴിച്ച തുക-(₹) | റിമാർക്സ് |
|---|---|---|---|
| നം 161/21, ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും ഫോട്ടോസ്റ്റാറ്റ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 5,00,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,26,543/- | ടെണ്ടർ ചെയ്തതിന്റെ രേഖകൾ, വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| നം 83/21 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് വാഹനം വാടകയ്ക്കെടുക്കൽ | 3,60,000/-തനത്ഫണ്ട് | 3,05,400/- (30,000/-രൂപ ചെക്ക് നം. 2924878/1-6-20 30,000/-രൂപ ചെക്ക് നം. 2924900/3-7-20 30,000/-രൂപ ചെക്ക് നം. 2916330/20-8-20 30,000/-രൂപ ചെക്ക് നം. 2916346/3-9-20 30,000/-രൂപ ചെക്ക് നം. 2916364/1-10-20 30,000/-രൂപ ചെക്ക് നം. 2916389/4-11-20 30,000/-രൂപ ചെക്ക് നം. 2916218/2-12-20 | ഫയൽ പൂർണ്ണമായി ഹാജരാക്കിയില്ല. |

| | | | |
|---|---|---|---|
| | | 30,000/-രൂപ ചെക്ക് നം. 2916253/1-2-21 30000/-രൂപ ചെക്ക് നം. 2916230/31-12-20 30,000/-രൂപ ചെക്ക് നം. 2916266/9-3-21, 35,400/-രൂപ) | |
| 201/21 മാലിന്യസംസ്കരണം സി.സി.ടി.വി .ക്യാമറ സ്ഥാപിക്കുന്നതിന് ഇലക്ട്രിസിറ്റി, കേബിൾ നെറ്റ് വർക്ക് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കൽ | 6,00,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,20,400/-രൂപ (Allotment No.185/24-12-20 തുക-1,16,900/-രൂപ, No.329/20-3-21- രൂപ 3,500/- | ഏത് ക്യാമറകൾക്കാണ് അടിസ്ഥാന സൗകര്യം ഒരുക്കിയ തെന്ന് വ്യക്തമല്ല.പ്രോ. നം 146/21 മാലിന്യസംസ്കരണ സന്ദേശബോർഡ്, സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ ക്യാമറ പ്രവർത്ത നക്ഷമമാക്കുന്നതിന് വൈദ്യുത കണക്ഷൻ, ബ്രോഡ്ബാന്റ് കണക്ഷനോട് കൂടിയ കേബിൾ നെറ്റ് വർക്ക് കണക്ഷൻ, ദൃശ്യം ലഭ്യമാക്കുന്ന തിനാവശ്യമായ മോണിറ്റർ എന്നിവ പഞ്ചായത്തുകൾ സജ്ജമാക്കണമെന്നാണ് പദ്ധതിയിൽ വിവരിച്ചിട്ടുള്ളത്. മറ്റ് സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കൽ നടന്നിട്ടില്ലാത്തതിനാൽ രേഖകൾ ഹാജരാക്കേണ്ടതാണ് |
| | | 5,52,343/- | |

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച 5,52,343/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് നടന്നിട്ടില്ലായെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

എൻക്വയറി നം 13/2-3-22

തടസ്സപ്പെടുത്തുന്ന തുക 5,52,343/-രൂപ

1-35 ബ്ലോക്ക് പഞ്ചായത്തോഫീസ്, ശൂരനാട് സി.എച്ച്.സി. എന്നിവയിൽ സോളാർ പാനൽ

സ്ഥാപിക്കൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 1) 8/21 ബ്ലോക്ക് പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ,<br>2) 9/21 ശൂരനാട് സി.എച്ച്.സിയിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ തുക | 1) 4,83,042/-രൂപ വികസനഫണ്ട് ജനറൽ<br>2) 3,39,595/-രൂപ വികസനഫണ്ട് ജനറൽ |
| ചെലവഴിച്ച തുക | 1) 4,83,042/-രൂപ -ബിൽ നം 31/18-3-21<br>2) 3,39,595/-രൂപ -ബിൽ നം 32/18-3-21 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതികൾ വഴി ബ്ലോക്ക് പഞ്ചായത്തിൽ 7KW ശൃംഖലാ ബന്ധിത സോളാർ പാനൽ സ്ഥാപിക്കുന്നതിന് 4,83,402/- രൂപയും ശൂരനാട് സി.എച്ച്.സിയിൽ 5 KW ശൃംഖലാബന്ധിതമല്ലാത്ത സോളാർ പാനൽ സ്ഥാപിക്കുന്നതിന് 3,39,595/- രൂപയും 2020-21 ൽ കെൽട്രോണിന് അഡ്വാൻസ് ആയി നല്കിയിട്ടുണ്ട്. അനർട്ട് /എം.എൻ.ആർ.ഇ. നിബന്ധനകൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനാണ് കെൽട്രോണിന് സർക്കാർ അംഗീകാരം നല്കിയിട്ടുള്ളത്. എന്നാൽ കെൽട്രോണിൽ നിന്നും സ്ഥാപനത്തിന് അനർട്ട് /എം.എൻ.ആർ.ഇ .(318/38/2018-GCRT Dt.21-7-20 Of MNRE) പ്രകാരമുള്ള സബ്സിഡി ലഭിച്ചതിന്റെ രേഖകളോ ശൃംഖലാ ബന്ധിത സൗര മേൽക്കൂര വൈദ്യുതി നിലയങ്ങൾക്ക് കേന്ദ്ര സർക്കാർ നല്കുന്ന ഇൻസെന്റീവ് ലഭിച്ചതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകളും പദ്ധതി പൂർത്തീകരണ രേഖകളും ഹാജരാക്കുന്നത് വരെ മേൽ രണ്ട് പദ്ധതികൾക്കുമായി അഡ്വാൻസിനത്തിൽ ചെലവഴിച്ച 8,22,637/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/2-3-22

തടസ്സപ്പെടുത്തുന്ന തുക–8,22,637/- രൂപ

1-36 ശൂരനാട് പി.എച്ച്.സി. ക്ക് സോളാർ പാനൽ സ്ഥാപിക്കൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 186/21 ശൂരനാട് പി.എച്ച്.സി. ക്ക് സോളാർ പാനൽ സ്ഥാപിക്കൽ. |
| അടങ്കൽ തുക | 3,45,030/-രൂപ, വികസനഫണ്ട് ജനറൽ |
| ചെലവഴിച്ച തുക | 3,45,030/-രൂപ, ബിൽ നം. 33/18-3-21 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ശൂരനാട് പി.എച്ച്.സി ക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 3,45,030/- രൂപ കെൽട്രോണിന് അഡ്വാൻസ് ആയി നല്കിയിട്ടുണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയവ ആയതിനാൽ അവ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ, അവയുടെ നിർമ്മാണം പുനർ നിർമ്മാണം, അറ്റകുറ്റപ്പണികൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകൾ എടുക്കുന്ന പ്രോജക്ടുകളിലേക്ക് ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾക്ക് വിഹിതം നല്കുന്നതിന് മാത്രമാണ് സർക്കാർ അനുമതിയുള്ളത്. (ജി.ഒ(എം.എസ്)11/18 തസ്വഭവ 29-1-18 ഖ.7.7.1.5). ഗ്രാമപഞ്ചായത്തിന്റെ പദ്ധതിക്ക് വിഹിതം നല്കുന്നതിന് പകരം ശൂരനാട്

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ പി.എച്ച്.സിയ്ക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് പദ്ധതി നടപ്പിലാക്കിയത് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അഡ്വാൻസിനത്തിൽ ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി വികസനഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/2-3-22

നിരാകരിക്കുന്ന തുക – 3,45,050/-രൂപ

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സാംസ്കാരിക നിലയങ്ങളിൽ ടെലിവിഷൻ സ്ഥാപിച്ചത് പ്രോജക്ട് ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പ്രോജക്ട് നം-SO123/21

അടങ്കൽ തുക-10,00,000/-രൂപ (വികനഫണ്ട്-എസ്.സി.പി)

ചെലവ്-4,29,186/-രൂപ

ബിൽ നം -2/20-21 Dt.21.4.20

നിർവ്വഹണം-എസ്.സി.ഡി.ഒ.

2020-21 വർഷത്തിൽ ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിന്, അതാതു പ്രദേശത്തെ കോളനികളിൽ പ്രവർത്തിക്കുന്ന പട്ടിക ജാതി വികസന വകുപ്പിന്റെ നാല് സാംസ്കാരിക നിലയങ്ങളിൽ സ്ഥാപിച്ച ടെലിവിഷനുകൾക്ക് അധിക വാറണ്ടി ലഭ്യമാക്കുന്നതിന് മാളിയേക്കൽ ഏജൻസിസ്, കൊല്ലം എന്ന സ്ഥാപനത്തിനു 7,000/-(1750*4)രൂപ (ചെക്ക് നം -2924887/12.6.20) നൽകി. എന്നാൽ ഇത്തരത്തിൽ വാറണ്ടി സംബന്ധമായ രേഖകളും പ്രോജക്ട് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സാംസ്കരിക നിലയങ്ങളിൽ ടെലിവിഷൻ സ്ഥാപിച്ചതിന്റെ പ്രോജക്ട് ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിട്ടില്ല. പദ്ധതി നടപ്പിൽ വരുത്തിയതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, ടെലിവിഷൻ വാങ്ങുന്നതിനോടൊപ്പം ലഭിക്കുന്ന വാറണ്ടി കാർഡിന് നൽകിയ 7,000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം.-14/ 2.3.22

നിരാകരിക്കുന്ന തുക – 7,000/- രൂപ

### 3-2 സുഭിക്ഷകേരളം കാർഷിക ആയുർവ്വേദ നഴ്സറി സ്ഥാപിക്കൽ -നടപ്പായില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 161/21 സുഭിക്ഷകേരളം ബ്ലോക്ക് പഞ്ചായത്തിൽ കാർഷിക |

| | |
|---|---|
| | ആയുർവ്വേദ നഴ്സറി സ്ഥാപിക്കൽ |
| അടങ്കൽ തുക | 5,00,000/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 1,26,543/-രൂപ (ബിൽ നം 56/25-3-21) |

കുടുംബശ്രീ,എം.ജി.എൻ.ആർ.ഇ.ജി.എസ് എന്നീ സംവിധാനങ്ങൾ ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് ആയുർവ്വേദ കാർഷിക നഴ്സറി സ്ഥാപിച്ച് ഗ്രീൻ ഹൗസ് സംവിധാനങ്ങളോടെ പരിപാലിച്ച് മിതമായ നിരക്കിൽ തൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്കായി 1,26,543/- രൂപ ചെലവിൽ റെയിൻ ഷെൽട്ടർ (വില 99,999.27/-രൂപ), വീഡ് മാറ്റ് (വില 4,522/-രൂപ), മിസ്റ്റ് ഇറിഗേഷൻ സിസ്റ്റം (വില 22,021.44/-രൂപ) എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ റെയിൻഷെൽട്ടർ മാത്രമാണ് കാണാൻകഴിഞ്ഞത്. നിലവിൽ റെയിൻഷെൽട്ടറിനുള്ളിൽ തടമെടുത്ത് പയർ വിത്തുകൾ പാകിമുളപ്പിച്ചിട്ടുണ്ട്. മറ്റ് തൈകളോ റെയിൻ ഷെൽട്ടറിനോടൊപ്പം വാങ്ങി നല്കിയ വീഡ് മാറ്റ്, മിസ്റ്റ് ഇറിഗേഷൻ സിസ്റ്റം എന്നിവ കാണാൻ കഴിഞ്ഞില്ല. മേൽ വിഷയങ്ങൾ സൂചിപ്പിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പദ്ധതി വഴി ഇതുവരെ എത്ര തൈകൾ ഉൽപ്പാദിപ്പിച്ചു, വിൽപ്പനയിനത്തിൽ എത്ര രൂപ ലഭിച്ചു എന്നീ വിവരങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയുർവേദ നഴ്സറിക്ക് വേണ്ടി തുക ചെലവഴിച്ചെങ്കിലും നിലവിലും പദ്ധതി നടപ്പിലാക്കാത്തതിനാൽ ചെലവഴിച്ച തുകയിൽ 9,999.56/-രൂപ തടസ്സപ്പെടുത്തുകയും നഴ്സറിയിൽ സ്ഥാപിച്ചിട്ടില്ലാത്ത ഇനങ്ങളായ വീഡ് മാറ്റ്, മിസ്റ്റ് ഇറിഗേഷൻ സിസ്റ്റം എന്നിവയുടെ വിലയായ 26,543.44/-രൂപ നിരാകരിക്കുകയും ചെയ്യുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം 13/2-3-22

തടസ്സപ്പെടുത്തുന്ന തുക – 9,999.56/-രൂപ

നിരാകരണം – 26,543.44/-രൂപ

3-3 പാലിയേറ്റീവ് പരിചരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-അംഗീകരിച്ച അടങ്കൽ തുകയിലും അധികമായി ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 10/21 – പാലിയേറ്റീവ് പരിചരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. |
| അടങ്കൽ തുക | 3,00,000/-രൂപ- വികസനഫണ്ട് ജനറൽ |
| ചെലവഴിച്ച തുക | 4,61,000/-രൂപ (എ.സി.ആർ. പ്രകാരം)<br>(ബിൽ നം 233/2.2.21 തുക 2,00,000/-രൂപ,<br>ബിൽ നം 238/2.2.21 തുക 2,00,000/-രൂപ,<br>ബിൽ നം 240/2.2.21 തുക 61,000/-രൂപ) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയ്ക്ക് 3,00,000/-രൂപ അടങ്കൽ തുകയിലാണ് പദ്ധതി അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത് 4,61,000/-രൂപയാണ്. (സുലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കൽ തുക 3,00,000/-രൂപ, ചെലവഴിച്ച തുക 4,61,000/-രൂപ). പദ്ധതി റിവൈസ് ചെയ്യാതെ, അംഗീകരിച്ച തുകയിൽ നിന്നും 1,61,000/-രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് തുക നല്കിയത് എന്നതിന്റെ വിവരമോ ഗ്രാമപഞ്ചായത്തുകളുടെ

പ്രോജക്ടോ തുകയുടെ വിനിയോഗ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ അംഗീകരിച്ച പദ്ധതി അടങ്കൽ തുകയിൽ നിന്നും അധികമായി ചെലവഴിച്ച 1,61,000/- രൂപ നിരാകരിക്കുകയും രേഖകൾ ഹാജരാക്കാത്തതിനാൽ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അധികമായി ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ ഒടുക്കുവരുത്തേണ്ടതും തടസ്സപ്പെടുത്തിയ തുകയ്ക്ക് മതിയായ ചെലവ് രേഖകൾ ഹാജരാക്കേണ്ടതുമാണ്.

എൻക്വയറി നം. 22/25.03.2022

നിരാകരിക്കുന്ന തുക-1,61,000/-രൂപ

തടസ്സപ്പെടുത്തിയ തുക-3,00,000/-രൂപ

3-4 വികസനപദ്ധതികളുടെ ഡോക്യുമെന്ററി തയ്യാറാക്കൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 184/21 വികസനപദ്ധതികളുടെ ഡോക്യുമെന്ററി തയ്യാറാക്കൽ |
| അടങ്കൽ തുക | 2,00,000/-രൂപ (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 1,96,000/-രൂപ<br>(90,000/-രൂപ (ചെക്ക്നം 296399/11-11-20),<br>1,06,000/-രൂപ ചെക്ക് നം. ലഭിച്ചില്ല) |

മേൽ പദ്ധതിക്കായി ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുകയായ 90,000/-രൂപ ക്വോട്ട് ചെയ്ത ഗിരീഷ് കുമാർ കല്ലട എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ടിയാൾക്ക് 90,000/-രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതി ചെലവ് 1,96,000/-രൂപയാണ്. അധികമായി പിൻവലിച്ച 1,06,000/-രൂപ ആർക്ക് നല്കി എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. തയ്യാറാക്കിയ ഡോക്യുമെന്ററിയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിക്ക് വേണ്ടി ചെലവഴിച്ച ഡോക്യുമെന്ററി സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 90,000/-രൂപ തടസ്സപ്പെടുത്തുകയും അധികമായി ചെലവഴിച്ച 1,06,000/- രൂപ നിരാകരിക്കുകയും ചെയ്യുന്നു. തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/2-3-22
തടസ്സപ്പെടുത്തുന്ന തുക– 90,000/- രൂപ

നിരാകരിക്കുന്ന തുക 1,06,000/-രൂപ

3-5 2020 മാർച്ചിലെ പരീക്ഷയ്ക്ക് എല്ലാവിഷയങ്ങൾക്കും എ പ്ലസ്സ് കിട്ടിയ വിദ്യാർത്ഥികളെ ആദരിക്കൽ - സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 6/21 2020 മാർച്ചിലെ പരീക്ഷയ്ക്ക് എല്ലാവിഷയങ്ങൾക്കും എ പ്ലസ്സ് കിട്ടിയ വിദ്യാർത്ഥികളെ ആദരിക്കൽ. |
| അടങ്കൽ തുക | 2,00,000/-രൂപ (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 87,685/-രൂപ (ചെക്ക് നം 2916373/13-10-20)<br>ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി സംബന്ധമായി ഹാജരാക്കിയ

രേഖകൾ പ്രകാരം 87,685/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിൽ മേൽ പദ്ധതി നടത്തുന്നതിനുള്ള അനുമതി നല്കിയിട്ടില്ല. മേൽ പദ്ധതി നടത്തിപ്പിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കണമെന്ന് അറിയിച്ചു കൊണ്ട് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതിയില്ലാതെ നടപ്പിലാക്കിയ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 87,685/- രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/2-3-22

നിരാകരിക്കുന്ന തുക 87,685/-രൂപ

3-6 ശൂരനാട് പി.എച്ച്.സി ക്ക് സോളാർ പാനൽ സ്ഥാപിക്കൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 186/21 ശൂരനാട് പി.എച്ച്.സി ക്ക് സോളാർ പാനൽ സ്ഥാപിക്കൽ. |
| അടങ്കൽ തുക | 3,45,030/-രൂപ വികസനഫണ്ട് ജനറൽ |
| ചെലവഴിച്ച തുക | 3,45,030/-രൂപ ബിൽ നം. 33/18-3-21 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ശൂരനാട് പി.എച്ച്.സി ക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 3,45,030/-രൂപ കെൽട്രോണിന് അഡ്വാൻസ് ആയി നല്കിയിട്ടുണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയവ ആയതിനാൽ അവ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ, അവയുടെ നിർമ്മാണം പുനർ നിർമ്മാണം, അറ്റകുറ്റപ്പണികൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകൾ എടുക്കുന്ന പ്രോജക്ടുകളിലേക്ക് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നല്കുന്നതിന് മാത്രമാണ് സർക്കാർ അനുമതിയുള്ളത്. (ജി.ഒ(എം.എസ്)11/18 തസ്വഭവ 29-1-18 ഖ.7.7.1.5).

ഗ്രാമപഞ്ചായത്തിന്റെ പദ്ധതിക്ക് വിഹിതം നല്കുന്നതിന് പകരം ശൂരനാട് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ പി.എച്ച്.സിക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് പദ്ധതി നടപ്പിലാക്കിയത് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അഡ്വാൻസിനത്തിൽ ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി വികസനഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം . – 13/2-3-22
നിരാകരിക്കുന്ന തുക-3,45,050/-രൂപ

3-7 പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം- തൊഴിൽ വിസ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പ്രോജക്ട് നം-SO107/21

അടങ്കൽ തുക-3,00,000/-രൂപ (വികനഫണ്ട്-എസ്.സി.പി.)

ചെലവ്-3,00,000/-രൂപ

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4- പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം നൽകണമെങ്കിൽ തൊഴിൽ വിസയും, വിമാനടിക്കറ്റും ഹാജരാക്കേണ്ടതാണ്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

എസ്.സി.ഡി.ഒ. നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ അപാകതകൾ താഴെപ്പറയും പ്രകാരമാണ്.

| ഗുണഭോക്താവിന്റെ<br>പേര് വിവരം | നൽകിയ തുക<br>ബിൽ നം. തിയതി | റിമാർക്സ് |
|---|---|---|
| പൊന്നമ്മ ജി, തെങ്ങുംതുണ്ടിൽ പടിഞ്ഞാറ്റതിൽ<br>മനക്കര, ശാസ്താംകോട്ട | Rs. 1,00,000/-<br>(5/20-21 Dt.21.4.20) | വിസിറ്റിംഗ് വിസയാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. |
| സിജി എസ്, വരമ്പേൽ,<br>മനക്കര, ശാസ്താംകോട്ട | Rs. 1,00,000/-<br>(1/20-21 Dt.21.4.20) | വിസിറ്റിംഗ് വിസയാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. |
| ആകെ | Rs. 2,00,000/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി ആളുകളുമായി ബന്ധപ്പെട്ട് തൊഴിൽ വിസ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.ആയത് അംഗീകരിക്കുന്നില്ല. തൊഴിൽ വിസ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സഹചര്യത്തിൽ 2,00,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയതു ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം.-2/28.2.22

നിരാകരിക്കുന്ന തുക – 2,00,000/-രൂപ

## 3-8 പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം – SO123/21

അടങ്കൽ തുക – 10,00,000/-രൂപ (വികനഫണ്ട്-എസ്.സി.പി)

ചെലവ് - 9,99,995/-രൂപ

നിർവ്വഹണം – എസ്.സി.ഡി.ഒ.

2020-21 വർഷത്തിൽ എസ്.സി.ഡി.ഒ. നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ പദ്ധതിവഴി താഴെപ്പറയുന്നവയാണ് നടപ്പിലാക്കിയിട്ടുള്ളത്.

1) പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ സി. സി.ടി.വി സ്ഥാപിക്കൽ.

ചെലവ് - 4,29,186/-രൂപ

ബിൽ നം. -2/20-21 Dt.21.4.20

2020-21 വർഷത്തിൽ ശാസ്താംകോട്ട, പോരുവഴി, കുന്നത്തൂർ എന്നീ പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ കെൽട്രോൺ മുഖാന്തിരം സി.സി.ടി.വി. സ്ഥാപിച്ചു. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ് ടി ചെലവ് നടത്തിരിക്കുന്നത്. ഇതു സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹോസ്റ്റലിന്റെ സുഗമമായ പ്രവർത്തനത്തിനും, കുട്ടികളുടെയും ജീവനക്കാരുടെയും സുരക്ഷയെ മുൻനിർത്തിയുമാണ് സി.സി.ടി.വി സ്ഥാപിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങൾക്കും, പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചും ചെലവഴിച്ച 4,29,186/-രൂപ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ എസ്.സി.ഡി.ഒയിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 4,29,186/- രൂപ

2) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ.

ചെലവ് - 3,60,426/-രൂപ

ബിൽ നം. – 3/20-21 Dt. 21.4.20

ശാസ്താംകോട്ട, പോരുവഴി, കുന്നത്തൂർ എന്നീ പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് കെൽട്രോണിന്റെ 13.3.20-ലെ TVM/TBGI/RC/17196/19-20-ഇൻവോയ്സ് പ്രകാരം 3,60,426/-രൂപ നൽകി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് (₹) | ആകെ തുക (₹) |
|---|---|---|---|---|
| 1 | Desktop-Intel Processor-Medium End-Ubuntu | 9 | 30,786/- | 2,77,074/- |
| 2 | A4 Sheetfed Scanner-Medium End-Ubuntu | 3 | 19,987/- | 59,961/- |
| 3 | 600VA-UPS With 5 Minuts Medium End-Windows And Ubuntu And Battery | 9 | 2,599/- | 23,391/- |
| | Total | | | 3,60,426/- |

മേൽ ഉപകരണങ്ങളുടെ വിതരണവിവരം ഉൾപ്പെടുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. ആയതിനാൽ ടി ഉപകരണങ്ങൾ നൽകിയ പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ 25.2.22-തിയതിൽ നടത്തിയ ഭൗതിക പരിശോധനയിൽ ശാസ്താംകോട്ട, പോരുവഴി, കുന്നത്തൂർ എന്നീ പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ,സ്കാനർ, യു.പി.എസ്, ബാറ്ററി എന്നിവ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 3,60,426/-രൂപയുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്ന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. ആയതിനാൽ മേൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ നാളിതുവരെ നടപടി സ്വീകരിക്കാത്തതിനാൽ 3,60,426/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്ന് താമസംവിനാ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3) ടി.വി, പ്രൊജക്ടർ അനുബന്ധ ഉപകരണങ്ങളും വാങ്ങൽ.

പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ആർട്ട്കോയിൽ നിന്നും ടെണ്ടർ നടപടി സ്വീകരിക്കാതെ 2,10,383/- രൂപയ്ക്ക് (ബിൽ നം. 46/20-21, 23.3.2021) ടി.വി, പ്രോജക്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങി. ആർട്ട്കോ ഉൽപ്പാദനം, വിതരണം നടത്തുന്ന തടി, സ്റ്റീൽ എന്നിവ ഉൾപ്പെടുന്ന ഫർണീച്ചറുകൾ മാത്രമാണ് ടെണ്ടർ നടപടി സ്വീകരിക്കാതെ വാങ്ങാൻ കഴിയുന്നത്. മേൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉൽപാദനം, വിതരണം ആർട്ട്കോ നടത്തുന്നില്ല. ആയതിനാൽ ടെണ്ടർ നടപടിയിലൂടെ അല്ലാതെ ടി ഉപകരണങ്ങൾ ആർട്ട്കോയിൽ നിന്നും വാങ്ങാൻ കഴിയുകയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്ക് ആർട്ട്കോ നിർമ്മിച്ച് നൽകുന്ന സാധനങ്ങളുടെ വിലയുടെ 50% ത്തിൽ അധികരിക്കാത്ത സാധനങ്ങൾ പുറമേ നിന്ന് വാങ്ങി, അവർ നിർമ്മിക്കുന്ന സാധനങ്ങൾക്കൊപ്പം നൽകാം എന്ന ഉത്തരവിന്റെ (GO(ms)No.1/2016/SPD, Dt. 8.12.16) അടിസ്ഥാനത്തിലാണ് പർച്ചേസ് ഓർഡർ നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ടി.വി, പ്രോജക്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ഉൽപ്പാദനം ആർട്ട്കോ നടത്താത്തതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ടെണ്ടർ നടപടിയിലൂടെ അല്ലാതെ ആർട്ട്കോയിൽ നിന്ന് മേൽ ഉപകരണങ്ങൾ വാങ്ങിയ 2,10,383/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയതിന് സർക്കാർ

അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം.-3/ 28.2.22

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 23.02.22 | കെ.എസ്.എ.കെ.എൽ.എം.പി10/895/22 തീയതി 19/07/2022 |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഓലിച്ചിറ കോളനി കുടിവെള്ള പദ്ധതി വാട്ടർ ടാങ്ക് നിർമ്മാണം, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (75/21) | 2004036306970 1043958 | 7,26,152/- | 0 | 7,26,152/- |
| കേരളാ വാട്ടർ അതോറിറ്റി | | 4000000085525 2622 | 7,72,000/- | 0 | 7,72,000/- |
| കേരളാ വാട്ടർ അതോറിറ്റി | കൊച്ചു പ്ലാമൂട് കുടിവെള്ള പദ്ധതി(178/21) | 2004036306970 1422965 | 8,90,000/- | 0 | 8,90,000/- |
| കേരളാ വാട്ടർ അതോറിറ്റി | ശൂരനാട് ഗ്രാമപഞ്ചായത്ത് 8,10 വാർഡ്-കുടിവെള്ള പദ്ധതി(208/21) | 2004036306977 01342211 | 10,00,000/- | 0 | 10,00,000/- |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചരുവിള കോളനി കുടിവെള്ള പദ്ധതി (209/21) | 2004030000000 12314 | 3,30,855/- | 0 | 3,30,855/- |
| കേരളാ വാട്ടർ അതോറിറ്റി | | 4000000855252 620 | 9,40,000/- | 0 | 9,40,000/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 മുതൽ 2004-05 വരെ | 3.25 | 2007-08 | 3.10.1 | കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി-ആത്യന്തികമായി പാഴ്ച്ചെലവായി മാറി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7,000/- | ശ്രീ. ഹരിദാസ്.ജി, പട്ടിക ജാതി വികസന ഓഫീസർ |
| 3-2 | | 26,543.44/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 3-3 | | 1,61,000/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 3-4 | | 1,06,000/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 3-5 | | 87,685/- | ശ്രീ. കെ.അനിൽകുമാർ, സെക്രട്ടറി |
| 3-6 | | 3,45,050/- | ശ്രീ. രഞ്ജിത് ആർ എസ്, സെക്രട്ടറി |
| 3-7 | | 2,00,000/- | ശ്രീ. ഹരിദാസ്, പട്ടികജാതി വികസന ഓഫീസർ |
| 3-8(1) | | 4,29,186/- | ശ്രീ. ഹരിദാസ്, പട്ടികജാതി വികസന ഓഫീസർ |
| | ആകെ | 13,62,464/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 27,05,615/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-13 | 35,090/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-14 | 29,790/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 1-15 | 10,600/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-16 | 44,900/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-18(2) | 3,60,426/- | ശ്രീ. ഹരിദാസ് ജി, പട്ടിക ജാതി വികസന ഓഫീസർ |
| 1-18(3) | 2,10,383/- | ശ്രീ. പി ഉണ്ണികൃഷ്ണപിള്ള, പട്ടിക ജാതി വികസന ഓഫീസർ |
| 1-19 | 34,874/- | ഡോ. ഷഹന കെ മുഹമ്മദ്,<br>സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട |
| 1-20 | 5,00,000/- | ഡോ. ഷഹന കെ മുഹമ്മദ്,<br>സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട |
| 1-21 | 1,46,123/-<br><br>2,50,000/- | ഡോ. എസ് ജി ബൈജു,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മൈനാഗപ്പള്ളി<br>ഡോ. എം കെ വിമല,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ശൂരനാട് |
| 1-23 | 10,000/- | ശ്രീ. ഓമനക്കുട്ടൻ. കെ, ക്ഷീര വികസന ഓഫീസർ |
| 1-24(എ) | 6,07,500/- | ശ്രീമതി പുഷ്പ ജോസഫ്,<br>അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 1-24(ബി) | 8,00,000/- | ശ്രീമതി പുഷ്പ ജോസഫ്,<br>അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 1-25 | 9,999.56/- | ശ്രീ. രഞ്ജിത്ത് ആർ എസ്, സെക്രട്ടറി |
| 1-26 | 3,00,000/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-27 | 1,50,000/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-28 | 90,000/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-29 | 9,08,725/- | ശ്രീ. രഞ്ജിത്ത് ആർ എസ്, സെക്രട്ടറി |
| 1-30 | 8,69,937/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-32 | 1,51,600/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-33 | 2,31,12,197/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-34 | 5,52,343/- | ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി |
| 1-35 | 8,22,637/- | ശ്രീ. രഞ്ജിത്ത് ആർ എസ്, സെക്രട്ടറി |
| ആകെ | 3,27,12,739.56/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ. കെ അനിൽകുമാർ, സെക്രട്ടറി | സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | കല്ലുരാവിൽ, വേങ്ങ.പി.ഒ, ശാസ്താംകോട്ട |
| ശ്രീ. രഞ്ജിത്ത് ആർ എസ്, സെക്രട്ടറി | സെക്രട്ടറി, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | കൃപാലയം, മന്നംവിള, പാമം കോട് എസ്റ്റേറ്റ് |
| ശ്രീ. ഹരിദാസ് ജി, പട്ടികജാതി വികസന ഓഫീസർ | വിരമിച്ചു | നന്ദനം, പട. നോർത്ത്, കരുനാഗപ്പള്ളി |
| ശ്രീ. പി ഉണ്ണികൃഷ്ണപിള്ള, പട്ടികജാതി വികസന ഓഫീസർ | പട്ടിക ജാതി വികസന ഓഫീസർ, ശാസ്താംകോട്ട | വേലി അയ്യത്ത് വീട്, ആലുംകടവ്. പി.ഒ., കരുനാഗപ്പള്ളി |
| ഡോ. ഷഹന കെ മുഹമ്മദ്, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട | എക്സ്റ്റസി, ടി.കെ.എം. എച്ച്.എസ്.എസിന് സമീപം, പേരൂർ, കൊല്ലം. |
| ഡോ. എസ് ജി ബൈജു, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മൈനാഗപ്പള്ളി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മൈനാഗപ്പള്ളി, ശാസ്താംകോട്ട | ശിവശക്തി, ശാസ്താംകോട്ട പി.ഒ, കൊല്ലം |
| ശ്രീമതി പുഷ്പ ജോസഫ്, അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ശാസ്താംകോട്ട | കൈപ്പള്ളഴികം, പുലമൺ.പി.ഒ, കൊട്ടാരക്കര |
| ഡോ. വിമല എം കെ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ശൂരനാട് | വൃന്ദാവൻ, കൈരളി റോഡ്, ചെറായി പി.ഒ, എറണാകുളം |
| ശ്രീ. ഓമനക്കുട്ടൻ കെ. ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ നടുവിലച്ചേരി, അഞ്ചാലുംമൂട് | നെല്ലിവിള വീട്, മുളവന, കുണ്ടറ, കൊല്ലം |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | കെ.എസ്.എ.കെ.എൽ.എം.പി10/458(1)/18, 24.3.2018 | 8 |
| 1998-99 മുതൽ 2004-05 വരെ | കെ.എസ്.എ.കെ.എൽ.എം.പി10/458(2)/18, 24.3.2018 | 7 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി10/458(3)/18, 24.3.2018 | 10 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി1/165/16, 14.03.16 | 8 |
| 2007-08 | എൽ.എഫ്.ക്യു.ഡി.ബി-1536(4)/14, 2.7.14 | 7 |
| 2008-09 | എൽ.എഫ്.ക്യു.ഡി.ബി-1536(3)/14, 2.7.14 | 8 |
| 2009-10 | എൽ.എഫ്.ക്യു.ഡി.ബി-2306/14, 9.1.15 | 4 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി-1536(1)/14, 2.7.14 | 6 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1498/14, 16.4.15 | 15 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/2175/15, 18.2.16 | 9 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.10/1513/17, 27.11.17 | 18 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.10/2001/07, 7.12.2017 | 9 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.10/403/19, 9.4.2019 | 14 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.10/1194/20 15.1.21 | 17 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.10/485/22 21.6.22 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.